# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 6-1441/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 22/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 6-1441/2023 തീയ്യതി: 22/12/2023

## ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 05-12-2023 | 13-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-12-2023 | 13-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീമതി സുഷ റ്റി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.മനേഷ് കുമാർ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ശ്രീകാന്ത്.സി.എസ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സുനിൽ കുമാർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കെ.ദീപ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. മേരിസൺ മൈക്കിൾ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പൂജാ വി നായർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ഗോപാലകൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. ശ്രീലേഖ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 19-01-2023 |
| ശ്രീമതി. കവിത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 20-01-2023 | 31-03-2023 |
| ഡോ സ്മിത | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.സവിത | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ അമൃത | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി. ലെജ്ജമോൾ | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ജോൺസി ജോർജ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 11-10-2022 |
| ഒഴിവ് | അസിസ്റ്റന്റ് എൻജിനീയർ | 12-10-2022 | 24-10-2022 |
| ശ്രീ. നന്ദു.ജി.എച്ച് | അസിസ്റ്റന്റ് എൻജിനീയർ | 25-10-2022 | 31-03-2023 |
| ശ്രീമതി. രശ്മി എൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. അശ്വതി കൃഷ്ണ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഐശ്വര്യ ആർ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. മെർലിൻമാത്യൂ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 23-11-2022 |
| ശ്രീമതി. മാളവിക | ഡയറി ഫാം ഇൻസ്ട്രക്ടർ | 24-11-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ .കെ സന്തോഷ് കുമാർ | അസി.സെക്രട്ടറി | 01-04-2022 | 30-09-2022 |
| ശ്രീ. മധു പി | അസി.സെക്രട്ടറി | 01-10-2022 | 31-03-2023 |
| ശ്രീമതി അനുപമ .എസ് | അക്രഡിറ്റഡ് എൻജിനീയർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ അഡ്വാൻസ് തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ബെനിഫിഷറി കോൺട്രിബ്യൂഷൻ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല | 1-1-3 |
| 5 | MGNREGS - ക്യാഷ് ബുക്ക്, എം.ഐ.എസ് കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തമില്ല | 1-1-4 |
| 6 | സി.എഫ്.സി ഗ്രാന്റ് (അൺ ടൈഡ് - ബാങ്ക്) - ACR, വാർഷിക ധനകാര്യപത്രിക കണക്കുകൾ പൊരുത്തമില്ല | 1-1-5 |
| 7 | തൊഴിൽ നികുതി കണക്കിൽ കൃത്യതയില്ല | 1-1-6 |
| 8 | വസ്തുനികുതി - സഞ്ചയ, ILGMS ഡി.സി.ബി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-9 |
| 11 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-10 |
| 12 | പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-11 |
| 13 | ലേലം - വർഷാവസാനം സംക്ഷിപ്തം തയ്യാറാക്കിയില്ല | 1-1-12 |
| 14 | വിവിധ ലയബിലിറ്റി തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമല്ല | 1-1-13 |
| 15 | Capital Contribution - തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല | 1-1-14 |
| 16 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല | 1-1-15 |
| 17 | മെയിന്റനൻസ് ഫണ്ട് (റോഡ്) - അവസാന ഗഡു വരവായി അക്കൗണ്ട് ചെയ്തില്ല | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം) | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 24 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 25 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 26 | വിഭവസമാഹാരത്തിന്റെ കാര്യക്ഷമത – ലഘു അവലോകനം | 1-10 |
| 27 | വിസ്തീർണ്ണത്തിനനുസൃതമായി വസ്തു നികുതി നിർണ്ണയിച്ചില്ല | 1-11 |
| 28 | തൊഴിൽ നികുതി സംബന്ധമായ അപാകതകൾ | 1-12 |
| 29 | ബിൽഡിംഗ് പെർമിറ്റ് സമയബന്ധിതമായി അനുവദിക്കപ്പെടുന്നില്ല | 1-13 |
| 30 | ലൈസൻസ് സംബന്ധമായ അപാകതകൾ | 1-14 |
| 31 | പൊതുമരാമത്ത് പ്രവൃത്തികളിലെ ഇ-ടെണ്ടർ ഫീസ് തനത് ഫണ്ടിൽ വകയിരുത്തേണ്ടതാണ് | 1-15 |
| 32 | ഫെസ്റ്റിവൽ അഡ്വാൻസ് ആയി നൽകിയ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല | 1-16 |
| 33 | വാഹനത്തിന്റെ ഇന്ധന ഉപഭോഗ പരിശോധന സംബന്ധിച്ച് | 1-17 |
| 34 | സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-18 |
| 35 | എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര - ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യാതെ മുഴുവൻ തുകയും നൽകി | 1-19 |
| 36 | എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ -ക്വട്ടേഷൻ നടപടികൾ സുതാര്യമല്ല | 1-20 |
| 37 | സുരഭിമുക്ക് - മങ്ങാട്ടുത്തറ മുക്ക് റോഡ് പുനരുദ്ധാരണം,വാർഡ് 6 - യഥാസമയം കരാർ ചമച്ചില്ല | 1-21 |
| 38 | കരാർ പ്രവൃത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% ഫൈൻ ഈടാക്കിയില്ല | 1-22 |
| 39 | കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല | 1-23 |
| 40 | പൊതു മാർക്കറ്റിൽ വിശ്രമകേന്ദ്രവും ടോയ്‌ലെറ്റ് നിർമ്മാണവും - നാളിതുവരെ പൂർത്തീകരിച്ച് ഉപയോഗ്യമാക്കിയിട്ടില്ല | 1-24 |
| 41 | കെ.എം.എസ്.സി.എൽ ന് മുൻകൂറായി ലക്ഷങ്ങൾ നല്കിയെങ്കിലും മരുന്ന് ലഭ്യതയിൽ കാലതാമസം | 1-25 |
| 42 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ വെച്ചില്ല | 1-26 |
| 43 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ആദായ നികുതി ഈടാക്കിയിട്ടില്ല | 1-27 |
| 44 | നിയമാനുസൃത നികുതികൾ ഈടാക്കാതെ കരാർ തുക അനുവദിച്ചു | 1-28 |
| 45 | ആദായ നികുതി ഈടാക്കിയിട്ടില്ല | 1-29 |
| 46 | ലൈഫ് പദ്ധതി ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-30 |

| | | |
|---|---|---|
| 47 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 1-31 |
| 48 | പകൽവീട്-വർദ്ധിച്ച തോതിൽ വാഹനചെലവ് ഉണ്ടാകുന്നു | 1-32 |
| ഭാഗം **2** | | |
| 1 | സുരഭിമുക്ക് - മങ്ങാട്ടുത്തറ മുക്ക് റോഡ് പുനരുദ്ധാരണം - യഥാസമയം കരാർ ചമച്ചില്ല | 2-1 |
| 2 | നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ വെച്ചില്ല | 2-2 |
| ഭാഗം **3** | | |
| 1 | കരാർ പ്രവൃത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% ഫൈൻ ഈടാക്കിയില്ല | 3-1 |
| 2 | എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര - ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യാതെ മുഴുവൻ തുകയും നൽകി | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 24.07.2023 ലെ 2-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 24.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

Contractors Security Deposit, Suppliers Security Deposit, Bidders Security Deposit, Suppliers Retention, Election Deposit, Other Deposit, Rent Deposit, Water Connection Deposit, Deposit Received From Auditorium & Halls, Other Deposit എന്നീ ലയബിലിറ്റി ഹെഡുകളിൽ ഉൾപ്പെട്ടിട്ടുള്ള (B-7) വിവിധ ഡെപ്പോസിറ്റ് തുകകളുടെ മുന്നിരുപ്പ്, വരവ്, ചെലവ്, നീക്കിയിരുപ്പ് വിശദാംശങ്ങൾ അടങ്ങിയ സംക്ഷിപ്തം സാമ്പത്തിക വർഷാവസാനം തയ്യാറാക്കിയിട്ടില്ല. ആയതിനാൽ കേരള ഫിനാൻഷ്യൽ കോഡിലെ ചട്ടങ്ങൾ അനുശാസിക്കും പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-2 വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ അഡ്വാൻസ് തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് വിവിധ നിർവ്വഹണ ഏജൻസികൾക്ക് നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയതും B-18 ൽ ഉൾപ്പെട്ടതുമായ അഡ്വാൻസ് തുകകൾ അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ മുൻ വർഷം ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകകൾ ക്യാരി ഓവർ ചെയ്ത് സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

### 1-1-3 ബെനിഫിഷറി കോൺട്രിബ്യൂഷൻ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല

ബെനിഫിഷറി കോൺട്രിബ്യൂഷനായി അവശേഷിക്കുന്ന തുകയുടെ (495212/-) കൃത്യത പരിശോധിച്ചുറപ്പാക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

### 1-1-4 MGNREGS - ക്യാഷ് ബുക്ക്, എം.ഐ.എസ് കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തമില്ല

MGNREGS ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കുകളും എം.ഐ.എസ് കണക്കുകളും വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തമില്ല. വാർഷിക കണക്കിൽ അഡ്മിൻ വരവായി ലഭിച്ച തുകകൾ പൂർണ്ണമായി വരവായി എടുത്തിട്ടില്ല. കൂടാതെ പി.എഫ്.എം.എസ് വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയ 48928751/- രൂപയുടെ വരവ് ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-5 സി.എഫ്.സി ഗ്രാന്റ് (അൺ ടൈഡ് - ബാങ്ക്) - ACR, വാർഷിക ധനകാര്യപത്രിക കണക്കുകൾ പൊരുത്തമില്ല

സി.എഫ്.സി ഗ്രാന്റ് (അൺ ടൈഡ് - ബാങ്ക്) ഇനത്തിലെ ACR പ്രകാരമുള്ള ബാലൻസ് തുക (1802866/-) വാർഷിക കണക്കിലെ (B-4) തുകയുമായി (2105948/-) പൊരുത്തപ്പെടുന്നില്ല. കൂടാതെ B-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആകെ തുക (CFC (Bank)-Tied+Untied) 5227688/- രൂപയും B-17 ൽ ഉൾപ്പെടുത്തിയ തുക (CFC (Bank)-Tied+Untied)7341785/- രൂപയുമാണ്. ടി കണക്കുകൾ തമ്മിൽ പൊരുത്തമില്ല. മുൻ വർഷ എ.എഫ്.എസ് ഷെഡ്യൂൾ B-4 ൽ ബാലൻസായി ഉൾപ്പെടുത്തിയ തുകയിലെ വ്യത്യാസമാണ് തുടർ വർഷങ്ങളിലും ഈ പൊരുത്തമില്ലായ്മയ്ക്ക് കാരണമായത്.

### 1-1-6 തൊഴിൽ നികുതി കണക്കിൽ കൃത്യതയില്ല

ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ ഡിമാന്റ് 1987510/- രൂപയും R&P പ്രകാരം കളക്ഷൻ 1947510/- രൂപയുമാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ തുകയൊന്നും ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

### 1-1-7 വസ്തുനികുതി - സഞ്ചയ, ILGMS ഡി.സി.ബി പൊരുത്തപ്പെടുന്നില്ല

31.03.2023 ലെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡി.സി.ബി വാർഷികകണക്ക് (ILGMS) പ്രകാരമുള്ള വസ്തുനികുതി ഡി.സി.ബിയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-8 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ട പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ചിട്ടുള്ള എല്ലാ ഗ്രാന്റ് തുകകളുടെയും വിനിയോഗത്തെ സാധൂകരിക്കുന്ന രീതിയിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനങ്ങളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

### 1-1-9 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ഓൺ അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-10 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (11442636/-) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (4885596/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-11 പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റും തുകയുടെ കൃത്യതയും വിശദീകരിക്കേണ്ടതാണ്.

### 1-1-12 ലേലം - വർഷാവസാനം സംക്ഷിപ്തം തയ്യാറാക്കിയില്ല

ലേലം വരവ് സംബന്ധിച്ച് വർഷാന്ത്യം രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. സംക്ഷിപ്തം ഉൾപ്പെടുത്താതിരുന്നതിനാൽ എ.എഫ്.എസിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധി ക്കാനായിട്ടില്ല.

### 1-1-13 വിവിധ ലയബിലിറ്റി തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമല്ല

B-9 Other Liabilities ൽ Employees Payable To Other Creditors (15286494/-), Other Employees Liability (34695/-), Recovery Covid (71818/-), IT (Tds) – 41402/- എന്നിവയും 350200203 മുതൽ 350409901 വരെയുള്ള വിവിധ ലയബിലിറ്റി ഹെഡുകളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെയും കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമല്ല.

### 1-1-14 Capital Contribution - തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

മുൻ വർഷാന്ത്യവും തൻവർഷാന്ത്യവും ഒരേ തുക തന്നെ ഉൾപ്പെടുത്തിയിരിക്കുന്നു. 312110101-Capital Reserve ഇനത്തിൽ 55306113/-രൂപയും 312100128-MGNREG ഇനത്തിൽ 26380311/- രൂപയും ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു. B-3 ഷെഡ്യൂളിൽ ഉൾപ്പെട്ട മറ്റ് തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

### 1-1-15 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ

അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല.

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/11.12.2023) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-1-16 മെയിന്റനൻസ് ഫണ്ട് (റോഡ്) - അവസാന ഗഡു വരവായി അക്കൗണ്ട് ചെയ്തില്ല

മെയിന്റനൻസ് ഫണ്ട് (റോഡ്) ഇനത്തിൽ Go(Rt) 8253/2022/fin/05.12.2022 പ്രകാരം അവസാന ഗഡുവായി സർക്കാരിൽ നിന്ന് ലഭിച്ച 3637667/- രൂപ വരവായി അക്കൗണ്ട് ചെയ്യാതിരുന്ന തിനാൽ ACR ൽ വരവായി ഉൾപ്പെട്ടിട്ടില്ല (ടി തുക കൂടി ചേർന്ന യഥാർത്ഥ തുകയാണ് ഖണ്ഡിക നം.1-4 ൽ വരവായി ഉൾപ്പെടുത്തിയിട്ടുള്ളത്).

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 30/03/2022 തീയതിയിലെ I(1)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 27/02/2023 തീയതിയിലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം റിവൈസ്ഡ് ബഡ്ജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 288577439 | 284950202 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ) | 165577803 | 153959968 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24884684 |
| വരവ് | 70200884 |
| ആകെ | 95085568 |
| ചെലവ് | 65315288 |
| നീക്കിയിരിപ്പ് | 29770280 |

## 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | വരവ് | ജി.ഒ പ്രോജക്ട് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | | 0 | 20562722 | 2999278 | 23562000 | 22267135 | 1294865 |
| വികസനഫണ്ട് (എസ്.സി.പി) | | 0 | 11687082 | 2171918 | 13859000 | 12506653 | 1352347 |
| വികസനഫണ്ട് (ടി.എസ്.പി) | | 0 | 0 | | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | | 0 | 18661734 | - | 18661734 | 10888689 | 7773045 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | | | 7663000 | - | 7663000 | 6397895 | 1265105 |
| 15-ാം | ടൈഡ് | 3944789 | 6146000 | - | 10090789 | 6969049 | 3121740 |

| | | | | | | | |
|---|---|---|---|---|---|---|---|
| | (ബാങ്ക്) | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ടൈഡ് (ട്രഷറി) | 0 | 4180424 | - | 4180424 | 2021582 | 2158842 (Lapse) |
| | അൺ ടൈഡ് (ബാങ്ക്) | 1812062 | 4340294 (4097000+ Int.243294) | - | 6152356 | 4349490 | 1802866* |
| | അൺ ടൈഡ്(ട്രഷറി) | | 459647 | | 459647 | - | 459647 (Lapse) |

(*എ.സി.ആർ, വാർഷിക ധനകാര്യ പത്രിക(B-4) എന്നിവയിലെ തുക പൊരുത്തമില്ല. ഖണ്ഡിക 1-1-5 കണ്ടാലും)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 178 | 203491618 | 127 | 84763227 | 6 | 45 | 71 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2132 | 1384498 | 1386630 | 589894 | 796736 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | - | 48715751 | 48715751 | 48715751 | . |
| ആകെ | 2132 | 50100249 | 50102381 | 49305645 | 796736 |

ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. (ഖണ്ഡിക നം. 1-1-4 കൂടി കാണുക).

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.12.2023 തീയതിയിൽ 3.30 Pm ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41157/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14400 | 05 |
| കർഷകതൊഴിലാളി പെൻഷൻ | 8405600 | 1013 |

| | | |
|---|---|---|
| വിധവാപെൻഷൻ | 16359200 | 1519 |
| വാർദ്ധക്യകാല പെൻഷൻ | 34023600 | 2653 |
| വികലാംഗ പെൻഷൻ | 4189800 | 377 |
| അവിവാഹിത പെൻഷൻ | 853200 | 89 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. വാർഷിക കണക്ക് പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

4. പുതിയ തനതു വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല.
5. സംസ്ഥാന സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെടുത്തിയ ടേക്ക് എ ബ്രേക്ക് പദ്ധതി ഇതേ വരെയും പ്രവർത്തനസജ്ജമാക്കിയിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

1-10 വിഭവസമാഹാരത്തിന്റെ കാര്യക്ഷമത – ലഘു അവലോകനം

തനത് വരുമാന വർദ്ധനവിനായി വിഭവസമാഹരണത്തിന്റെ കാര്യക്ഷമത പരിശോധിക്കുന്നതിന്റെ ഭാഗമായി നടത്തിയ ടാക്സ് ഓഡിറ്റിൽ തനത് വരവിനങ്ങളുടെ ഡിമാൻഡുകൾ കൃത്യവും പൂർണ്ണവുമല്ല എന്ന് വ്യക്തമായിട്ടുണ്ട്. ഇത് നികുതി ശോഷണത്തിനും ഇടയാക്കുന്നു. പുതിയ തനത് വരുമാനമേഖലകൾ കണ്ടെത്താൻ സാധ്യതകൾ ഇല്ലാത്തതിനാൽ അപ്രകാരമുള്ള നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനും സമയപരിധിക്കുള്ളിൽ അവ സമാഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടില്ല.

തൻവർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി നികുതിയേതര തനത് വരുമാന കണക്കുകളും വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിൽ ലഭിച്ച തുകകളുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള തനത് വരുമാനത്തിലെ പ്രതീക്ഷിത വരവ് | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവ് |
|---|---|---|
| നികുതി | 9465214 | 11212226 |

| | | |
|---|---|---|
| വരുമാനം | | |
| നികുതിയേതര വരുമാനം | 2131494 | 2944262 |

വിശദാംശങ്ങൾ

| ഇനം | ബജറ്റ് പ്രകാരമുള്ള തനത് വരുമാനത്തിലെ പ്രതീക്ഷിത വരവ് | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവ് |
|---|---|---|
| വസ്തുനികുതി | 6798171 | 7463139 |
| തൊഴിൽ നികുതി (ജീവനക്കാർ) | 2625000 | 1987510 |
| വാടക | 408463 | 887640 |
| ലൈസൻസ് | 388281 | 382660 |

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നു.

വരുമാന വർദ്ധനവിനായി സ്വീകരിച്ചതും സ്വീകരിക്കേണ്ടതുമായ നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1) വിവരശേഖരണം പൂർത്തിയായില്ല, സർക്കാർ നിർദ്ദേശ പ്രകാരമുള്ള നിരക്കിൽ വസ്തു നികുതി പരിഷ്കരിച്ചില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203-ാം വകുപ്പ് (2) ഉം, 4ഉം ഉപ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപ വിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏററവും കൂടിയതും കുറഞ്ഞതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് 05.04.2023 തീയതിയിൽ സ.ഉ.(അച്ചടി)നം.25/2023/ എൽ.എസ്.ജി.ഡി. വിജ്ഞാപന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നികുതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളുടെ വിവരശേഖരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം വിവരശേഖരണം പൂർത്തിയാകുന്ന പഴയ കെട്ടിടങ്ങൾക്ക് 01.04.2023 മുതൽ 5% നികുതി വർദ്ധനവും പുതിയ കെട്ടിടങ്ങൾക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരവുമുള്ള നിരക്കുമാണ് നിശ്ചയിക്കേണ്ടത്.

പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണം 16.05.2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം നം.2 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നികുതി നിരക്കിന്റെ കരട് വിജ്ഞാപനം പൊതുജനങ്ങളുടെ അറിവിലേക്കും ആക്ഷേപങ്ങൾക്കുമായി ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുകയും നിയമാനുസൃത കാലയളവിന് ശേഷം ആക്ഷേപങ്ങൾ പരിഹരിച്ച് കരട് വിജ്ഞാപനം അന്തിമമാക്കി ഭരണസമിതിയുടെ 27.06.2023ലെ തീരുമാനം നം.2 പ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

പ്രദേശത്തിന്റെ വികസന സ്ഥിതി അടിസ്ഥാന സൗകര്യങ്ങൾ, വഴി സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള 21 വാർഡുകളിൽ ഉൾപ്പെട്ട വിവിധ മേഖലകളെ സംബന്ധിച്ച് വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. അടിയന്തിരമായി വിവരശേഖരണം പൂർത്തിയാക്കി പരിഷ്കരിച്ച നിരക്കിലുള്ള നികുതി സഞ്ചയയിൽ രേഖപ്പെടുത്തി പഞ്ചായത്തിന്റെ നികുതി വരുമാനം ത്വരിതപ്പെടുത്തേണ്ടതാണ്.

2) അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല.

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018.(SRO No.96/2018;15.02.2018) പ്രകാരം 31.07.2017 ന മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു.

ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ ഫയലുകളും മേൽ രജിസ്റ്ററുകളും യാതൊരു വിവരങ്ങളും ലഭ്യമല്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നിലവിൽ 11 കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ അവശേഷിക്കുന്നു. അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനു സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ യഥാവിധി ജനങ്ങളിൽ എത്തിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തദ്ദേശ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ലായെന്നു ഓഡിറ്റ് വിലയിരുത്തുന്നു.

3) സേവന ഉപ നികുതി ചുമത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. നിലവിൽ പഞ്ചായത്ത് സേവന ഉപനികുതി ഈടാക്കുന്നില്ല. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയ്ക്കായി വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി കൂടി ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്

4) പ്രിസംപ്റ്റീവ് ടാക്സ് ഈടാക്കുന്നില്ല

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. അഭിഭാഷകർ, മറ്റുപ്രൊഫഷണലുകൾ, മരാമത്ത് പണി ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എൻജിനീയർമാർ, വാഹന ഉടമകൾ എന്നിങ്ങനെയുള്ള വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. പാരാമെഡിക്കൽ/ഹോസ്പിറ്റൽ രജിസ്ട്രേഷൻ വിവരങ്ങൾ ,കരാറുകാരുടെ വിവരങ്ങൾ എന്നിവരുടെ സമ്പൂണ്ണ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല. പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

5)നികുതിയേതര വരവുകൾ

പഞ്ചായത്തിന്റെ പ്രധാന വരുമാനമാണ് ലൈസൻസ് ഫീസ്. ഓഡിറ്റ് വർഷം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളുടെ എണ്ണവും ട്രേഡേഴ്സ് ലിസ്റ്റിലെ എണ്ണവും തമ്മിൽ പൊരുത്തമില്ല. എങ്കിലും മുൻവർഷങ്ങളെ അപേക്ഷിച്ച് നികുതിയേതര വരുമാനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം 495 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ നിലവിലുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ആകെ 397 സ്ഥാപനങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും മുഴുവൻ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വരുമാന സാധ്യത വർദ്ധിപ്പിക്കേണ്ടതാണ്.

6)പുതിയ വരുമാന സ്രോതസ്സുകൾ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന വാണിജ്യ സ്വഭാവമുള്ള ടർഫ്, നീന്തൽക്കുളങ്ങൾ, ജിംനേഷ്യം തുടങ്ങിയ നികുതി പരിധിയിൽപ്പെടാതിരുന്ന കെട്ടിടങ്ങൾക്കും കെട്ടിടഭാഗങ്ങൾക്കും സർക്കാർ നിർദ്ദേശാനുസരണമുള്ള വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വരുമാന സാധ്യത

വർദ്ധിപ്പിക്കാവുന്നതാണ്.

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/11.12.2023) മറുപടി ലഭിച്ചില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിന് ആവശ്യമായ പ്രായോഗിക നടപടികൾ ഗ്രാമപഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-11 വിസ്തീർണ്ണത്തിനനുസൃതമായി വസ്തു നികുതി നിർണ്ണയിച്ചില്ല

അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ 100 ച.മീറ്ററിന് താഴെയുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ച.മീറ്ററിന് 30 ഉം 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ച.മീറ്ററിന് 50/- രൂപയായും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ താഴെപ്പറയുന്ന വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ്, കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം( ച.മീ.) | ചുമത്തിയ അടിസ്ഥാന വസ്തു നികുതി@30 | ചുമത്തേണ്ട അടിസ്ഥാന വസ്തു നികുതി@50 | കുറവ് |
|---|---|---|---|---|---|---|
| 1. | വിജയലക്ഷ്മി | IV/446A | 19.47 | 584 | 974 | 390 |
| | | IV/446B | 19.47 | 584 | 974 | 390 |
| | | IV/446C | 19.47 | 584 | 974 | 390 |
| | | IV/446D | 19.47 | 584 | 974 | 390 |
| | | IV/446E | 11.24 | 337 | 562 | 225 |
| | | IV/446F | 19.47 | 584 | 974 | 390 |
| | | IV/446G | 19.47 | 584 | 974 | 390 |
| | | IV/446H | 19.47 | 584 | 974 | 390 |
| | | IV/446 I | 19.47 | 584 | 974 | 390 |
| | | IV/446J | 11.24 | 337 | 562 | 225 |
| | | IV/446K | 24.9 | 747 | 1245 | 498 |
| | | IV/446L | 30.87 | 926 | 1544 | 618 |
| | | IV/446M | 24.9 | 747 | 1245 | 498 |
| | | ആകെ | 258.91 | 7766 | 12950 | 5184/- (*) |
| 2. | ബേബി | IV/539A | 35 | 1050 | 1750 | 700 |
| | | IV/539B | 35 | 1050 | 1750 | 700 |
| | | IV/539C | 33 | 990 | 1650 | 660 |
| | | IV/539D | 35 | 1050 | 1750 | 700 |
| | | IV/539E | 30 | 900 | 1500 | 600 |
| | | IV/539 F | 35 | 1050 | 1750 | 700 |
| | | IV/539H | 35 | 1050 | 1750 | 700 |
| | | IV/539 I | 33 | 990 | 1650 | 660 |

| | | | | | | |
|---|---|---|---|---|---|---|
| | | IV/539 J | 35 | 1050 | 1750 | 700 |
| | | IV/539K | 33 | 990 | 1650 | 660 |
| | | IV/539 L | 35 | 1050 | 1750 | 700 |
| | | ആകെ | 374 | 11220 | 18700 | 7480/-(*) |
| 3. | ബെന്നിക്കുട്ടി & ബിജു ബേബി | XI/49 A | 46.5 | 1395 | 2325 | 930 |
| | | XI/49 C | 61.57 | 1847 | 3079 | 1232 |
| | | XI/49 D | 30.15 | 905 | 1508 | 603 |
| | | XI/49 E | 38.11 | 1143 | 1906 | 763 |
| | | XI/49 F | 46.5 | 1395 | 2325 | 930 |
| | | XI/49 G | 27.76 | 833 | 1388 | 555 |
| | | XI/49 H | 14.27 | 428 | 714 | 286 |
| | | ആകെ | 264.86 | 7946 | 13245 | 5299/-(**) |

(*)+വഴി സൗകര്യം - 20% വർദ്ധനവ്

(**)+വഴി സൗകര്യം - 20% വർദ്ധനവ്, മേഖല – 10% ഇളവ്

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/11.12.2023) മറുപടി ഹാജരാക്കിയില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 പ്രകാരം മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി സംബന്ധമായ അപാകതകൾ

1)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതായി രേഖപ്പെടുത്തലുകളില്ല. തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം പേരിനൊപ്പം ചേർത്തിരിക്കുന്നു.

| ക്രമ നം. | സ്ഥാപനം | തൊഴിൽ നികുതി ചുമത്താത്ത അർദ്ധ വർഷം |
|---|---|---|
| 1 | പള്ളിക്കൽ നടുവിലേമുറി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം.965 | I & II |
| 2 | ഭരണിക്കാവ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം.829 | I |

തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/13.12.2023) മറുപടി ലഭ്യമായില്ല.

2)ഓഡിറ്റ് വർഷം താഴെപ്പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി രേഖയില്ല.

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക | തൊഴിൽ നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1. | പള്ളിക്കൽ പോസ്റ്റ് ഓഫീസ് | II |

| | ജീവനക്കാർ | |
|---|---|---|

3)താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ പേര്, തസ്തിക | അർദ്ധവാർഷിക വരുമാനം, അർദ്ധ വർഷം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|---|
| 1. | ഗായത്രി സെൻട്രൽ സ്കൂൾ, സൗത്ത് മങ്കുഴി | ശ്രീലത, TGT | 137150 (ഒന്നാം അർദ്ധ വർഷം) | 1000 | 1250 | 250 |
| 2. | സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | ചിത്രം.പി, ടീച്ചർ | 34050 (രണ്ടാം അർദ്ധ വർഷം) | 180 | 300 | 120 |
| 3. | സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | ജിന ഐസക്, ടീച്ചർ | 34050 (രണ്ടാം അർദ്ധ വർഷം) | 180 | 300 | 120 |
| | | ആകെ | | | | 490/- |

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/13.12.2023) മറുപടി ലഭ്യമായില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-13 ബിൽഡിംഗ് പെർമിറ്റ് സമയബന്ധിതമായി അനുവദിക്കപ്പെടുന്നില്ല

കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് റൂൾസ് 2019, ചട്ടം 9, 13 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ 15 ദിവസത്തിനകം സെക്രട്ടറി പെർമിറ്റ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. സെക്രട്ടറി അപ്രകാരം ചെയ്യാത്ത പക്ഷം അപേക്ഷകന് റൂൾ 14 പ്രകാരം അപേക്ഷകന് ഭരണസമിതിയ്ക്ക് അപേക്ഷ നല്കാവുന്നതാണ്. ഇപ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുക്കേണ്ടതാണ്. എന്നാൽ 30 ദിവസത്തിനകം തീരുമാനം എടുക്കാത്ത പക്ഷം പെർമിറ്റ് അനുവദിച്ചതായി കണക്കാക്കി അപേക്ഷകന് നിർമ്മാണം തുടരാവുന്നതാണ്. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റ് അപേക്ഷകളിൽ 30 ദിവസത്തിനുള്ളിൽ സെക്രട്ടറി പെർമിറ്റ് അനുവദിച്ചതായി കാണുന്നില്ല. കൂടാതെ അപേക്ഷകർ പഞ്ചായത്ത് കമ്മറ്റിയ്ക്ക് അപേക്ഷ നല്കിയതിന്റെയും കമ്മറ്റി അതിൽ തീരുമാനം എടുത്തതിന്റെയും രേഖകൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പെർമിറ്റ് | അപേക്ഷകന്റെ | അപേക്ഷ | പെർമിറ്റ് | നിർമ്മിതിയുടെ |
|---|---|---|---|---|

| നം. | വിലാസം | ലഭിച്ച തീയതി | അനുവദിച്ച തീയതി | സ്വഭാവം |
|---|---|---|---|---|
| 405402/22 | ഗ്രേസി തോമസ്, പാലവിളയിൽ | 2.12.2022 | 22.02.2023 | വാസഗൃഹം |
| 38559/22 | രമണൻ.എൻ, കോട്ടൂർ പുത്തൻവീട് | 9.12.2022 | 27.01.2023 | വാസഗൃഹം |
| 383991/22 | റോബിൻ ജോസഫ്, പാലമൂട്ടിൽ | 25.10.2022 | 5.12.2022 | വാസഗൃഹം |
| 1309/23 | ഗീവർഗ്ഗീസ്, കുളത്തിന്റെ കിഴക്കേതിൽ | 7.11.2022 | 3.01.2023 | വാസഗൃഹം |
| 68636/23 | ജോർജ്ജ് വർഗ്ഗീസ്, ഇല്ലിത്തറയിൽ | 13.10.2022 | 21.02.2023 | വാസഗൃഹം |

പെർമിറ്റ് സമയബന്ധിതമായി നൽകാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ടി വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 ലൈസൻസ് സംബന്ധമായ അപാകതകൾ

1. സ്ഥാപനങ്ങളിൽ നിന്നും താരതമ്യേന കുറഞ്ഞ ഫീസ് ഈടാക്കുന്നു

ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളിൽ നിന്നും താരതമ്യേന കുറഞ്ഞ ഫീസ് ഈടാക്കിയതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം, കെട്ടിട നമ്പർ | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|
| പലചരക്ക് വ്യാപാരം (XVIII/324) | 100 |
| സ്റ്റേഷനറി (XI/373A) | 200 |
| ബേക്കറി & സ്റ്റേഷനറി (XX/251B) | 200 |
| പലചരക്ക് & സ്റ്റേഷനറി (V/3) | 200 |
| പലചരക്ക് (XX/600) | 200 |
| സ്റ്റേഷനറി (XVI/176A) | 200 |
| ഫാൻസി, ഗിഫ്റ്റ്, ഗാർമെന്റ്സ്(VII/225A) | 100 |
| പലചരക്ക് (XXI/312) | 300 |
| തെയില വിൽപ്പന (XX/711) | 200 |
| മൊബൈൽ ഫോൺ സെയിൽസ് & സർവീസ്(XIV/286D) | 300 |

| | |
|---|---|
| DTP, പ്രിന്റിംഗ്, ഡിസൈൻ, ഫോട്ടോസ്റ്റാറ്റ് (V/409B) | 300 |
| പച്ചക്കറി വ്യാപാരം (VI/20B) | 300 |
| പ്രൊവിഷൻ സ്റ്റോർ (XI/344A) | 300 |
| സ്റ്റേഷനറി, പൂജാ സാധനങ്ങൾ (XXI/584B) | 300 |
| ബേക്കറി (XX/579) | 300 |
| ബേക്കറി & സ്റ്റേഷനറി (VIII/579) | 300 |

മേൽ സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം സംബന്ധിച്ച് ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. മൂലധനനിക്ഷേപം കണക്കാക്കാനാവാത്തതിനാൽ എപ്രകാരമാണ് കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല.

2.റേഷൻ കടകളും കള്ള്ഷാപ്പുകളും മാവേലി സ്റ്റോറും ലൈസൻസ് എടുക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളും കള്ള്ഷാപ്പുകളും മാവേലി സ്റ്റോറും ഓഡിറ്റ് വർഷം ലൈസൻസ് എടുത്തിട്ടില്ല.

3. ട്രേഡേഴ്സ് ലിസ്റ്റ് ആധികാരികമല്ല, മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾ (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നൽകുന്ന ലൈസൻസ്) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കേണ്ടതുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം ഓഡിറ്റ് വർഷം 495 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ആകെ 397 സ്ഥാപനങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ നിന്നും സ്ഥാപനം സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയതല്ല എന്ന് വ്യക്തമാണ്. ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമായതിനാൽ പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നും ലൈസൻസ് ഫീസ് പൂർണ്ണമായി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടോ എന്നും പരിശോധിക്കാനായിട്ടില്ല.

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/13.12.2023) മറുപടി ലഭ്യമായില്ല. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-15 പൊതുമരാമത്ത് പ്രവൃത്തികളിലെ ഇ-ടെണ്ടർ ഫീസ് തനത് ഫണ്ടിൽ വകയിരുത്തേണ്ടതാണ്

2022-23 സാമ്പത്തിക വർഷം ഇ-ടെണ്ടർ ഫീസിനത്തിൽ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടവാക്കിയ തുകയുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(04/07.12.23) നൽകിയ മറുപടിയിൽ 2014-15 മുതൽ 2017-18 വരെയുള്ള ഇ-ടെൻഡർ തുകയായ 44029 രൂപ 03.08.2019 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി സേവിങ്സ് അക്കൗണ്ടിലേക്ക് കൈമാറിയതായി അറിയിച്ചിട്ടുണ്ട്. 2019 ന ശേഷമുള്ള തുകകൾ ലഭിച്ചിട്ടില്ലായെന്നും പ്രസ്തുത തുകകൾ ലഭിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുകകൾ ലഭ്യമാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/

ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തെ തുടർന്ന് എസ്.ബി.ഐ. നൂറനാട് ബ്രാഞ്ചിൽ 6724163840 എന്ന അക്കൗണ്ട് ഇ-ടെൻഡർ ഫീസുകൾക്കായി ആരംഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത അക്കൌണ്ടിന്റെ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ ഹാജരാക്കിയില്ല. ടി അക്കൗണ്ടിൽ നിലനിൽക്കുന്ന തുക പഞ്ചായത്ത് തനത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ഫെസ്റ്റിവൽ അഡ്വാൻസ് ആയി നൽകിയ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I അനുച്ഛേദം 99 പ്രകാരം നിയമാനുസൃത സമയപരിധിയ്ക്കകം മുൻകൂർ ക്രമീകരിക്കണമെന്നും അല്ലാത്തപക്ഷം തുക പിൻവലിച്ച ദിവസം മുതൽ 18% പലിശ കണക്കാക്കി ആയത് സഹിതം തിരികെ ഈടാക്കണമെന്നും 4/10/11-ലെ ജി.ഒ(പി)419/11/ഫിൻ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന 7 ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസായി അനുവദിച്ച തുകയിൽ 29400/- രൂപ ഓഡിറ്റ് തീയതിയിലും ക്രമീകരിക്കാതെ അവശേഷിച്ചിട്ടുണ്ട്. അഡ്വാൻസ് നൽകിയ തുക ക്രമീകരിക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/11.12.2023) മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 വാഹനത്തിന്റെ ഇന്ധന ഉപഭോഗ പരിശോധന സംബന്ധിച്ച്

ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ എൽ 31 എം 1673 നം. വാഹനത്തിന്റെ ഇന്ധന ക്ഷമതാ പരിശോധന അവസാനമായി നടത്തിയിട്ടുള്ളത് 18-04-2022 തീയതിയിലാണ്. ഒരു വർഷം കൂടുമ്പോൾ പ്രസ്തുത പരിശോധന പരിശോധന നടത്തണമെന്ന വ്യവസ്ഥ പാലിച്ചിട്ടുള്ളതായി കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.18/22-23/13.12.23) മറുപടി ഹാജരാക്കിയില്ല. വാഹനത്തിന്റെ ഇന്ധന ക്ഷമതാ പരിശോധന കൃത്യമായ ഇടവേളകളിൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

താഴെപ്പറയുന്ന നിക്ഷേപ പ്രവൃത്തികൾക്കും മറ്റ് വിഹിതം നൽകലിനുമായി തുക മുൻകൂറായി നൽകിയെങ്കിലും പ്രവൃത്തി പൂർത്തിയായി ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായി കാണുന്നില്ല.

| പ്രോജക്ട് നം., പേര് | ചെലവ് | ബിൽ നം./വൗച്ചർ നം./BRN | നിർവഹണ ഏജൻസി |
|---|---|---|---|
| S0001/23, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ അനുബന്ധ പ്രവൃത്തികൾ | 1729514/- (CFC Tied) | XVFC/2022-23/P/26.12.2022 | കെ.എസ്.ഇ.ബി, കറ്റാനം |
| S0084/23, വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് | 165356/- (തനത് ഫണ്ട്) | KGB-016101/25.11.22, KGB-016681/28.12.2022 TSB-8487004/22.03.2023 | കെ.എസ്.ഇ.ബി, കറ്റാനം, കായംകുളം |

| | | | |
|---|---|---|---|
| മാറ്റി സ്ഥാപിക്കൽ | | | |
| S0176/23, വാർഡ് 1, 20 വാർഡുകളിലെ അംഗൻവാടികൾക്ക് പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ | 43540/- (തനത് ഫണ്ട്) | KGB-016713/17.01.2023 | കെ.എസ്.ഇ.ബി |
| മറ്റ് മുൻകൂറുകൾ | | | |
| S0075/23, ഐ.കെ.എം വിഹിതം നൽകൽ | 100000/- (വി.ഫണ്ട്) | 22070852013300442063/22.8.22 | ഐ.കെ.എം |
| ആകെ | 2038410/- | | |

മോണിട്ടറിംഗ് സമിതി റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/11.12.2023) മറുപടി ലഭ്യമായില്ല. മേൽ പ്രോജക്ടുകളുടെ പൂർത്തീകരണ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 2038410/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര - ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യാതെ മുഴുവൻ തുകയും നൽകി

പ്രോജക്ട് നം. - S0062/22-23(സ്പിൽ ഓവർ)
നിർവ്വഹണ ഉദ്യോഗസ്ഥ – എച്ച്.എം

അടങ്കൽ - 495000

ചെലവ് - 494464
193150/-ബിൽ ക്രമ.നം.2/29.09.22
193150/-ബിൽ ക്രമ.നം.4/09.12.22
108164/-ബിൽ ക്രമ.നം.5/16.01.23

എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങൽ എന്ന പദ്ധതി പ്രകാരം 128 പേർക്ക് മേശ, കസേര എന്നിവ വാങ്ങി നൽകിയ ഇനത്തിൽ വികസന ഫണ്ടിൽ നിന്നു 494464 രൂപ (@3863) ചെലവഴിച്ചിരുന്നു. കോഴഞ്ചേരി തമ്പുരാൻ കാലായിൽ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയിരുന്നത്. 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള (നികുതി കിഴിച്ച്) വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇവിടെ സ്ഥാപനത്തിന് തുക നൽകിയപ്പോൾ 2% നിരക്കിൽ ജി.എസ്.ടി ബില്ലിൽ കുറവ് ചെയ്തില്ല. നികുതി 18% ഒഴിവാക്കിയുള്ള തുകയായ (മേശ @2204.54+കസേര@1071.19 = 3275.73x128) 419293.44 രൂപയുടെ 2%, 8386 രൂപ ടി സ്ഥാപനത്തിൽ നിന്നും ജി.എസ്.ടി-റ്റി.ഡി.എസ് ആയി ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

കരാർ തുകയ്ക്ക് ആനുപാതികമായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചില്ല.

01-04-2018 മുതൽ പ്രാബല്യത്തിൽ വന്ന 2018 ലെ കേരള ഫിനാൻസ് ആക്ട് സെക്ഷൻ 4, ഉപ വകുപ്പ് (4) പ്രകാരം 1959 ലെ കേരള സ്റ്റാമ്പ് ആക്ടിൽ വരുത്തിയിട്ടുള്ള ഭേദഗതി ഉത്തരവിലെ (അമൻഡ്മെന്റ് ആക്ട് 17

ഓഫ് 1959) ഷെഡ്യൂൾ 5 ഉപവകുപ്പ്(എഫ്) പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്കും, സേവനതലത്തിലുള്ള കരാറുകൾക്കും, ഓരോ 1000/- രൂപയ്ക്കും 1 രൂപ ക്രമത്തിലും, അതിൽ കുറവുള്ള തുകയ്ക്ക് ആനുപാതികമായും, കുറഞ്ഞത് 200 രൂപയുടേയും, കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർവെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്റ്റുമായി ബന്ധപ്പെട്ട വാങ്ങലിൽ ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. 200 രൂപയുടെ മുദ്രപത്രം മാത്രമാണ് ഫയലിലുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/22-23/11.12.23), ജി.എസ്.ടി-റ്റി.ഡി.എസ് കരാറുകാരനിൽ നിന്നും ഈടാക്കി അടച്ചുകൊള്ളാമെന്നും ഇനി മുതൽ ചെയ്യുന്ന പ്രവൃത്തികളിൽ കരാർ തുകയ്ക്ക് ആനുപാതികമായ മുദ്രപത്രത്തിൽ കരാർ ചമയ്ക്കുന്നതാണെന്നും മറുപടി നൽകി.

8386 രൂപ ടി സ്ഥാപനത്തിൽ നിന്നും ജി.എസ്.ടി-റ്റി.ഡി.എസ് ആയി ഈടാക്കി ഒടുക്കുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ -ക്വട്ടേഷൻ നടപടികൾ സുതാര്യമല്ല

പ്രോജക്റ്റ് നം. -S0184/22-23

കരാർ നം. AGMT/13/AE/BGP/08.02.23

ചെലവ് വിവരം- 90000/- തനത് ഫണ്ട്

54000/-TSB-8467399/15.03.23

36000/-KGB-018793/30.03.23

എഞ്ചിനീയറിംഗ് വിഭാഗത്തിന് നിലവിൽ വാഹനം ഇല്ലായെങ്കിൽ ഒരു വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.2(4) പ്രകാരം ക്വട്ടേഷൻ നടപടികളിലൂടെയാവണം വാഹനം വാടകയ്ക്ക് എടുക്കേണ്ടതെന്ന് വ്യക്തമായ നിർദ്ദേശമുള്ള സാഹചര്യത്തിൽ മത്സര സ്വഭാവം ഉറപ്പാക്കാതെ തന്നെ അനന്ദു.വി എന്ന വ്യക്തിയുടെ 36000 രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയാണുണ്ടായത്.

1)അനുബന്ധ ഫയലിൽ ഒരേ കൈയ്യക്ഷരത്തിൽ എഴുതി തയ്യാറാക്കിയ രണ്ട് ക്വട്ടേഷനുകളുൾപ്പെടുത്തിയിരുന്നു.

1)നന്ദു വിജയൻ, കരിമുളയ്ക്കൽ - ETIOS LIVA, KL30-G153(2018 Model)

2)അനന്ദു.വി, വെട്ടിക്കോട് - SWIFT LXI, KL02 BN2104(2020 Model)

ഈ രണ്ട് വാഹനങ്ങളുടേയും രജിസ്ട്രേഷൻ സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. KL30-G153(2018 Model) എന്ന പേരിൽ ഒരു വാഹനം മോട്ടോർ വാഹന വകുപ്പിന്റെ സൈറ്റിൽ കാണാൻ കഴിഞ്ഞിട്ടുമില്ല.

2)രണ്ട് പേരും 2000km വരെ ഒരേ നിരക്കാണ് (36000രൂപ) ക്വോട്ട് ചെയ്തിരുന്നത്, മൂന്ന് മാസം കൂടുമ്പോൾ അധികമായി വരുന്ന കിലോമീറ്ററിന് ഒരു രൂപയുടെ വ്യത്യാസം മാത്രം.

3)കരാർ വെക്കുന്നതിന് മുൻപ് തന്നെ വാഹനം ഓടിയതായാണ് ലോഗ് ബുക്കിലെ രേഖപ്പെടുത്തൽ.

4)തുകയുടെ കൈപ്പറ്റ് രസീത്/തുക ആവശ്യപ്പെട്ട് കൊണ്ടുള്ള അപേക്ഷ എന്നിവ ഫയലിലില്ല. ആയതിനാൽ ഏതൊക്കെ മാസങ്ങളിലെ തുകയാണ് ഡ്രൈവർക്ക് അനുവദിച്ചതെന്ന് വ്യക്തമല്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രണ്ട് വാഹനങ്ങളുടേയും രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 16/12.12.23) മറുപടി ഹാജരാക്കിയില്ല. വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-21 സുരഭിമുക്ക് - മങ്ങാട്ടുത്തറ മുക്ക് റോഡ് പുനരുദ്ധാരണം,വാർഡ് 6 - യഥാസമയം കരാർ ചമച്ചില്ല

വാർഡ് 6 ലെ സുരഭിമുക്ക് - മങ്ങാട്ടുത്തറ മുക്ക് റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | S0075/22 |
| അടങ്കൽ | 802500 |
| പി.എ.സി | 755378.34 |
| കരാറുകാരൻ | കെ.സുരേഷ്, ശൈലം, കല്ലുംമൂട് |
| കരാർ നം. | AGMT/23/AE/09.03.22 |
| എം ബുക്ക് നം. | 04/22-23/BGP |
| ആകെ മൂല്യം | 712359+gst(18%)=840584 |
| ചെലവ് തുക | 802500/-,<br>ബിൽ നം. 184/23.11.22<br>34990/-TSB-8308899/13.12.22 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) |

യഥാസമയം കരാർ ചമച്ചില്ല

19.02.22 ലെ സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ ചമക്കേണ്ടത് 05/03/22 നാണ്. എന്നാൽ കരാർ ചമച്ചത് 09.03.22 ലാണ്. കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. ഇവിടെ യഥാസമയം കരാർ ചമച്ചിട്ടില്ല. യഥാസമയം കരാർ ചമച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 1% പിഴ ഈടാക്കിയാവണം കരാർ ചമയ്ക്കേണ്ടിയിരുന്നതെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. എഗ്രീഡ്. പി.എ.സി യുടെ 1% (755378.34 രൂപയുടെ) പിഴയായ 7554 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/12.12.23), കരാറുകാരന്റെ സെക്യൂരിറ്റിയിൽ നിന്നും ഈടാക്കുന്നതാണെന്നാണ് മറുപടി. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുക.

1-22 കരാർ പ്രവൃത്തിക്ക് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% ഫൈൻ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, നിയമാനുസൃതം കരാർ തുകയ്ക്ക് ആനുപാതികമായി എടുക്കേണ്ട ഇൻഷ്വറൻസ് എടുത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലായെന്ന് കണ്ടു. ഇൻഷ്വറൻസ് എടുക്കാത്ത പ്രവൃത്തികളിൽ കരാർ തുകയുടെ 0.2% തുക ബില്ലിൽ നിന്നും ഈടാക്കിയതായും കാണുന്നില്ല. പ്രൈസ് 3 സോഫ്റ്റ്വെയർ പ്രകാരം വെച്ചിട്ടുള്ള എഗ്രിമെന്റിലെ (LOA) വ്യവസ്ഥ 12 അനുസരിച്ച് കരാർ തുകയുടെ 0.5% (കുറഞ്ഞത് 2 ലക്ഷം കൂടിയത് 5 ലക്ഷം രൂപ) മൂല്യം വരുന്ന ഇൻഷ്വറൻസ് കരാറുകാരൻ എടുക്കേണ്ടതും ആയത് നിർവ്വഹണ ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരം ഇൻഷ്വറൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | പ്രോജക്റ്റ് നമ്പർ | കരാറുകാരന്റെ പേര് | പി.എ.സി | 0.2% നിരക്കിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഗുരുമന്ദിരം ജംക്ഷൻ-കോയിക്കൽ വടക്കേതിൽ റോഡ് പുന:രുദ്ധാരണം | 153/23 | റ്റി.ജി.മാത്യു. | 648133 | 1296 |
| 2 | ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് -കമ്മ്യൂണിറ്റി ഹാൾ ടോയ് ലെറ്റ് നിർമ്മാണം | 173/23 | മോഹൻദാസ് തമ്പി | 463845 | 928 |
| 3 | പി.എച്ച്.സി.യ്ക്ക് സമീപം ഓട നിർമ്മാണം | 07/23 | ശ്രീരേഖ | 720531 | 1441 |
| 4 | ഗവ. ആയുർവേദ ആശുപത്രി അറ്റകുറ്റ പണി ചുറ്റുമതിൽ നിർമ്മാണം | 08/23 | ആർ.വി.മോഹനൻ | 462593 | 925 |
| 5 | പള്ളിക്കലേത്ത് മുക്ക് -മൂന്നുകണ്ടതിൽ മുക്ക് പുന:രുദ്ധാരണം | 150/23 | എ.എം.ഹമീദ് | 644593 | 1289 |
| 6 | സി.എം.എസ്. സ്കൂൾ മുതൽ കപ്പിയാരു കുളം വരെ കവറിംഗ് സ്ലാബ് നിർമ്മാണം | 11/23 | ശ്രീലേഖ | 858574 | 1717 |
| 7 | പുതുക്കാട്ട് മുക്ക് -മുണ്ടക്കലെത്ത് കോളനി റോഡ് പുനരുദ്ധാരണം | 155/23 | എ.എം.ഹമീദ് | 685906 | 1371 |
| 8 | കാരൂർക്കോട് ജംഗ്ക്ഷൻ-ചെറുവള്ളി ക്ഷേത്രം ജംഗ്ക്ഷൻ റോഡ് പുനരുദ്ധാരണം | 154/23 | എ.എം.ഹമീദ് | 686762 | 1373 |
| 9 | കളരിക്കത്തറ-വയലിത്തരമുക്ക് റോഡ് മെയിന്റനൻസ് | 181/23 | റ്റി.ജി. മാത്യു | 751479 | 1502 |
| 10 | നാട്ടുസ്ക്കാട്ട് തൈക്കാവ്-നാമ്പുകുളങ്ങര റോഡ് പുനരുദ്ധാരണം | 151/23 | കെ.ശശി | 703144 | 1406 |
| 11 | ഗവ.എൽ.പി.എസ്.പള്ളിക്കൽ നടുവിലേമുറി സ്കൂൾ മെയിന്റനൻസ്. | 165/23 | ആർ. വി മോഹനൻ | 386855 | 774 |
| 12 | മഠത്തിൽ മുക്ക് റോഡ് മെയിന്റനൻസ് | 158/22 | കെ.ശശി | 710662 | 1421 |
| 13 | വാഴപ്പള്ളി മുക്ക് കരിമുട്ടം റോഡ് മെയിന്റനൻസ് | 152/23 | എം.എം.ഹമീദ് | 708060 | 1416 |
| 14 | കൊട്ടോളി ജംഗ്ക്ഷൻ- കളരി വിള റോഡ് മെയിന്റനൻസ് | 160/23 | എം.എം.ഹമീദ് | 822886 | 1645 |
| | ആകെ | | | | 18504 |

ഈ വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് (09/08.12.23) മറുപടി ലഭ്യമാക്കിയില്ല. കരാർ പ്രവൃത്തിക്ക് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്ന കരാറുകാരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഈടാക്കാതിരുന്നതുമൂലമുണ്ടായ നഷ്ടം 18504/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

1-23 കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല

പഞ്ചായത്തിൽ നിർവഹിക്കപ്പെടുന്ന വിവിധ ടാറിംഗ് പ്രവൃത്തികളുടെ ആകെ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയായി 18% ജി.എസ്.ടി ഉൾപ്പെടെ 238+18%=281 രൂപ ഈടാക്കിയിരുന്നെങ്കിലും ജി.എസ്.ടി തുക ഉൾപ്പെടെയുള്ള തുക Sale Of Empties And Waste Materials എന്ന ഹെഡിൽ ഉൾപ്പെടുത്തി തനത് ഫണ്ടിൽ വകയിരുത്തിയിരിക്കുകയാണ്. ടി തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ബാരൽ വില ഇനത്തിൽ കുറവ് ചെയ്ത തുക | ജി.എസ്.റ്റി ഇനത്തിൽ ഒടുക്ക് വരുത്തേണ്ട തുക@43 |
|---|---|---|---|
| 1 | പുതുക്കാട്ടുമുക്ക് -മുണ്ടക്കലേത്ത് മുക്ക് കോളനി റോഡ് മെയിന്റനൻസ് | 18 ബാരൽ @281= 5058 | 774 |
| 2 | കാരൂർകോഡ് ജംഗ്ഷൻ-ചെറിയവള്ളി ടെമ്പിൾ റോഡ് | 16 ബാരൽ @281= 4496 | 688 |
| 3 | കളരിക്കത്തറ വയലിത്തറമുക്ക് റോഡ് മെയിന്റനൻസ് | 12 ബാരൽ @281= 3372 | 516 |
| 4 | നാട്ടയ്ക്കാട്ടതൈക്കാവ്-നാമ്പുകുളങ്ങര റോഡ് പുനരുദ്ധാരണം | 15 ബാരൽ @281 = 4215 | 645 |

| | | | |
|---|---|---|---|
| 5 | ചെമ്പകത്തറ മുക്ക് -ചാങ്ങത്തറമുക്ക് റോഡ് മെയിന്റനൻസ് | 4 ബാരൽ @281 = 124 | 172 |
| 6 | തോപ്പിൽമുക്ക് മടത്തിൽ മുക്ക് റോഡ് പുന:രുദ്ധാരണം | 16 ബാരൽ @ 281= 4496 | 688 |
| 7 | വാഴപ്പിള്ളി മുക്ക് -കരിമുട്ടം ക്ഷേത്രം റോഡ് പുന:രുദ്ധാരണം | 18ബാരൽ @281= 5058 | 774 |
| 8 | ഓണംപള്ളിൽ മുക്ക്-കോട്ടയ്ക്കാട് മുക്ക് റോഡ് പുന:രുദ്ധാരണം | 3 ബാരൽ @ 281= 843 | 129 |
| 9 | വെട്ടത്തുകുളങ്ങര ജംക്ഷൻ-തയ്യിൽത്തറ മുക്ക് പുന:രുദ്ധാരണം | 20 ബാരൽ @281 = 5620 | 860 |
| 10 | സുരഭിമുക്ക്- മങ്ങാട്ടുതറമുക്ക് റോഡ് കോൺക്രീറ്റിങ്ങ് | 13 ബാരൽ @281= 3653 | 559 |
| | ആകെ | | 5805 |

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കാമെന്നറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ- 03/23 തീ.07.12.23). തുക ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കുവരുത്തി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 പൊതു മാർക്കറ്റിൽ വിശ്രമകേന്ദ്രവും ടോയ്‌ലെറ്റ് നിർമ്മാണവും - നാളിതുവരെ പൂർത്തീകരിച്ച് ഉപയോഗ്യമാക്കിയിട്ടില്ല



സംസ്ഥാന സർക്കാരിന്റെ 12 ഇന പരിപാടിയിലുൾപ്പെടുത്തി നടപ്പിലാക്കുവാൻ നിർദ്ദേശിച്ച പദ്ധതി നിലവിലും പൂർത്തീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി പൊതു മാർക്കറ്റിൽ വിശ്രമകേന്ദ്രവും ടോയ് ലെറ്റ് പദ്ധതിയും വിഭാവനം ചെയ്തിരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പർ/തീയതി |
|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 282000 | 282000 | 493/24.03.23 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 658000 | 528517 | 496/24.03.23 |
| | | 810517 | |

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലക്സിന് പിറകിലായി ജനകീയ ഹോട്ടലിന് തെക്ക് വശത്താണ് പദ്ധതി പ്രകാരമുള്ള നിർമ്മിതി സ്ഥിതിചെയ്യുന്നത്. ടോയ്ലെറ്റും വിശ്രമ കേന്ദ്രവും ഉൾപ്പെടുന്ന കെട്ടിടത്തെ തിരിച്ചറിയാൻ പ്രയാസകരമായ തരത്തിലാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. പഴയ ഷോപ്പിങ്ങ് കോംപ്ലക്സിലെ കടയുടെ ഭിത്തി ഈ കെട്ടിടത്തെ പകുതിയധികം മറച്ചിരിക്കുന്നു. യാത്രക്കാരായ ജനങ്ങൾക്ക് പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിക്കാനും വിശ്രമിക്കാനും ലക്ഷ്യമിട്ട പ്രസ്തുത നിർമ്മാണം ഉചിതമായ സ്ഥലത്തല്ല നിർമ്മിച്ചത് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

പദ്ധതി നിർവ്വഹണത്തിലെ നടപടിക്രമങ്ങളിലെ വീഴ്ച ചുവടെ ചേർക്കുന്നു .

1)ടെൻഡർ നടപടികളിലൂടെ സുതാര്യമായി പദ്ധതി പ്രവർത്തനത്തിനായി ശ്രീ.ശ്രീചന്ദ്. ആർ എന്ന വ്യക്തിയെയാണ് കരാർ പ്രവൃത്തിയ്ക്ക് തെരഞ്ഞെടുത്തത്. എന്നാൽ ടിയാൾ സമർപ്പിച്ച ഐറ്റം റേറ്റ് ബി.ഒ.ക്യൂ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ കരാറുകാരൻ രേഖപ്പെടുത്തിയ നിരക്കുകൾ എത്രയാണെന്ന് മനസ്സിലാക്കാൻ സാധിച്ചില്ല.

2)നിർമ്മാണം ആരംഭിച്ച പദ്ധതി പിന്നീട് റിവൈസ് ചെയ്യുകയുണ്ടായി. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അംഗീകാരം വാങ്ങിയതായിട്ടുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള എക്സ്ട്രാ ഐറ്റം വർക്കുകൾ ചുവടെ ചേർക്കുന്നു.

| Item | Area | Rate | Amount |
|---|---|---|---|
| Demolishing Cement Concrete Manually/mechanically With In 50 Lead As Per Directs.Nominal Concrete 1:4:8. Quantity Vide Page 3 Of M Book 9/21-22 | 4.97 M3 | 1266.73 | 6295.64 |
| 5.9.6. Centering And Shuttering Including ..................... | 4.80M3 | 866.32 | 4158.33 |

| | | | |
|---|---|---|---|
| 5.2.2 Reinforced Cement Concrete Work In Walls Including Attached Columns Up To Floor Five Level (1.1.5.3) .......... | 0.24 M3 | 10988 | 2637.12 |
| ആകെ | | | 13,091 |

എന്നാൽ റിവൈസ് ചെയ്ത പ്രവൃത്തികൾക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല. അംഗീകാരം വാങ്ങാതെ നടത്തിയ അധിക പ്രവൃത്തികൾക്കായി ചെലവഴിച്ച 13091 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3)എം.ബുക്കിൽ മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് എഴുതി തയ്യാറാക്കിയിട്ടില്ല.

എം.ബുക്കിൽ മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് എഴുതി തയ്യാറാക്കാതെയാണ് പേയ്മെൻ്റ് നൽകിയിട്ടുള്ളത്.

4) കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടത്തിയിട്ടില്ലാത്തതിനാൽ പദ്ധതിലക്ഷ്യം നിലവിലും (ഓഡിറ്റ് വേളയിലും) പൂർത്തീകരിച്ചിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.8/07.12.2023), 2023-24 സാമ്പത്തിക വർഷം ഇലക്ട്രിഫിക്കേഷനായി പദ്ധതി വിഭാവനം നടത്തിയിട്ടുണ്ടെന്ന വിവരം അധികൃതർ അറിയിച്ചു. അധിക പ്രവൃത്തികൾക്കായി അംഗീകാരം വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പ്രവൃത്തി ഇതേ വരെയും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ക്രമ നം.2 പ്രകാരം തടസ്സപ്പെടുത്തിയ 13091 രൂപ ഉൾപ്പെടെയുള്ള ആകെ ചെലവ് തുക 810517 രൂപ താത്കാലികമായി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-25 കെ.എം.എസ്.സി.എൽ ന് മുൻകൂറായി ലക്ഷങ്ങൾ നല്കിയെങ്കിലും മരുന്ന് ലഭ്യതയിൽ കാലതാമസം

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി എഫ് എച്ച് സി യിലേക്ക് മരുന്ന് വാങ്ങുന്നതിനായി മൂന്ന് പദ്ധതികൾ പ്രകാരം കെ.എം.എസ്.സി.എൽ ന് അഡ്വാൻസായി തുക കൈമാറിയിരുന്നു. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./പേര് | ബിൽ നം./ തീയതി | അടച്ച തുക | ലഭിച്ച മരുന്ന് (തുകയിൽ) | ലഭിക്കുവാനുള്ള മരുന്ന് (തുകയിൽ) |
|---|---|---|---|---|
| 95/വൃക്ക – ക്യാൻസർ രോഗികളുടെ പരിപാലനം | 287/16.01.23 | 300000 | 129065 | 670935 |
| | 346/08.02.23 | 500000 | | |

| | | | | |
|---|---|---|---|---|
| 26/സാന്ത്വന പരിചരണം | 254/28.12.23 | 200000 | 98306 | 301694 |
| | 333/03.02.23 | 200000 | | |
| 14/പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ | 172/10.11.22 | 600000 | 457973 | 142027 |
| | ആകെ | 18,00,000 | 6,85,344 | 11,14,656 |

മരുന്നുകൾ സമയ ബന്ധിതമായി ലഭിക്കാത്തതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.5/22-23/07.12.23) നൽകി. അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ കെ.എം.എസ്.സി.എൽ ന് മരുന്ന് ഉടനെ ലഭ്യമാക്കുന്നതിനായി കത്ത് നൽകിയതായി അറിയിച്ചു. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

രോഗികൾക്ക് ആവശ്യമായ മരുന്നുകൾ കൃത്യമായും സമയബന്ധിതമായും ലഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ വെച്ചില്ല

കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം 2018-19 വർഷം മുതൽ മരാമത്ത് പ്രവൃത്തികൾക്കും സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും സ്റ്റാമ്പ് ആക്ട് ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ 2022-23 ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത് നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ മെറ്റീരിയൽ ലഭ്യമാക്കുന്നതിന് നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിലല്ല എഗ്രിമെന്റ് വച്ചിട്ടുള്ളത്. തന്മൂലം മുദ്രപ്പത്ര വിലയിനത്തിൽ സർക്കാരിന് നഷ്ടം ഉണ്ടായിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/വർക്ക് കോഡ്/എം ബുക്ക് നമ്പർ | കരാറുകാരന്റെ പേര് | കരാർ തുക | മുദ്രപ്പത്രത്തിന് ആവശ്യമായ മൂല്യം | കരാറിലേർപ്പെട്ടിട്ടുള്ള മുദ്രപ്പത്രത്തിന്റെ മൂല്യം | കുറവ് മൂല്യം |
|---|---|---|---|---|---|---|
| 1 | റോഡ് കോൺക്രീറ്റ് കൈതവന പടീറ്റതിൽ വാർഡ് 9/RC 347068/ 11/21-22 | സുനിൽകുമാർ | 246896 | 250 | 200 | 50 |
| 2 | റോഡ് കോൺക്രീറ്റ് | സുനിൽകുമാർ | 346668 | 350 | 200 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കളത്തിവിള വാർഡ് 9/RC 347065/ 19/21-22 | | | | | | |
| 3 | റോഡ് കോൺക്രീറ്റ് പുല്ലുശ്ശേരിൽ വാർഡ് 14/RC 344350/ 14/21-22 | സുനിൽ കുമാർ | 301614 | 310 | 200 | 110 | |
| 4 | റോഡ് കോൺക്രീറ്റ് ശ്രുതിലയം ചെങ്കിലാത്ത് വാർഡ് 17/ RC 344350/ 14/21-22 | സുനിൽ കുമാർ | 302513 | 310 | 200 | 110 | |
| 5 | റോഡ് കോൺക്രീറ്റ് പാവൂരേത്ത് വാർഡ് 20/ RC 344355/ 17/2122 | സുനിൽ കുമാർ | 262160 | 270 | 200 | 70 | |
| 6 | റോഡ് കോൺക്രീറ്റ് ചിറ്റക്കാട്ട് കുറ്റിയിൽ കുമ്പഴ വാർഡ് 10/RC346058/ 13/21-22 | സുനിൽ കുമാർ | 317542 | 320 | 200 | 120 | |
| 7 | റോഡ് കോൺക്രീറ്റ് ഇളം പ്ലാവിൽ റോഡ് ഫേസ് 1 വാർഡ് 5/RC345541/ 21/21-22 | വിനോദ്.വി | 331005 | 340 | 200 | 140 | |
| 8 | റോഡ് കോൺക്രീറ്റ് ഇളം പ്ലാവിൽ | വിനോദ്.വി | 260302 | 260 | 200 | 160 | |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് ഫേസ് 2വാർഡ് 5/RC345543/ 20/21-22 | | | | | |
| 9 | റോഡ് കോൺക്രീറ്റ് ഗുരുമന്ദിരം റോഡ് നമ്പർ 1922 ആശാൻ പറമ്പിൽ വാർഡ് 1 /RC 34433/ 18/21-22 | വിനോദ് .വി | 287047 | 290 | 200 | 90 |
| 10 | റോഡ് കോൺക്രീറ്റ് കളീക്കൽ വാർഡ് 15/RC344352/ 22/21-22 | വിനോദ്.വി | 202966 | 210 | 200 | 10 |
| | | | | | ആകെ | 1010 |

മുദ്രപത്രവിലയിനത്തിൽ കുറവ് വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കി നിശ്ചിത ഹെഡ്ഡിലേക്ക് ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-27 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ആദായ നികുതി ഈടാക്കിയിട്ടില്ല

തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ബോർഡ് സ്ഥാപിക്കുവാൻ കരാർ ഏറ്റെടുത്തിട്ടുള്ളത് ശ്രീ രഞ്ജിത്ത് കുമാർ, തുരുത്തിയിൽ, ഭരണിക്കാവ് എന്ന വ്യക്തിയാണ്. 4x3 അളവുള്ള ബോർഡിന് 2700/- രൂപ നിരക്കിലും 5x4 അളവുള്ള ബോർഡിന് 3700/- രൂപ നിരക്കിലും ഒരു വർഷത്തേക്ക് പ്രവൃത്തി സ്ഥലങ്ങളിൽ ബോർഡ് സ്ഥാപിക്കുക എന്നതാണ് കരാർ വ്യവസ്ഥ.

2022-23 വർഷം വിവിധ പ്രവൃത്തികളിലായി ബോർഡ് സ്ഥാപിച്ച ഇനത്തിൽ കരാറുകാരന് 153450.00/- രൂപ അനുവദിച്ചിട്ടുണ്ട്. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്.

നിയമം അനുശാസിക്കും പ്രകാരമുള്ള നികുതി ഈടാക്കിയാണോ കരാർ തുക അനുവദിച്ചതെന്ന് അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.06/22-23/07.12.23 ന് നികുതി ഈടാക്കിയിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആദായ നികുതി ഇനത്തിൽ നഷ്ടമായ 1540/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലായെങ്കിൽ ഈ തുക സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അക്രഡിറ്റഡ് എൻജിനീയർ എന്നിവരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. നിയമാനുസൃത നികുതികൾ ഈടാക്കി മാത്രം കരാർ തുക അനുവദിക്കേണ്ടതാണ്.

## 1-28 നിയമാനുസൃത നികുതികൾ ഈടാക്കാതെ കരാർ തുക അനുവദിച്ചു

ഭരണിക്കാവ് ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കിയ

മെറ്റീരിയൽ വർക്കുകളിൽ നിയമാനുസൃതമായ 2% ജി.എസ്.ടി-ടി.ഡി.എസ്, 1 % ആദായ നികുതി എന്നിവ ഈടാക്കേണ്ടിയിരുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/വർക്ക് കോഡ്/എം ബുക്ക് നമ്പർ | കരാറു കാരന്റെ പേര് | കരാറു കാരനു ലഭിച്ച തുക | FTO No. | 2% ജി.എസ്.ടി ഇനത്തിൽ ഈടാക്കേണ്ട തുക | 1 % ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|---|---|
| 1 | റോഡ് കോൺക്രീറ്റ് കൈതവന പടീറ്റതിൽ വാർഡ് 9/RC 347068/ 11/21-22 | സുനിൽ കുമാർ | 246896 | 0121EATPAYREQ12/12 /2022- 16578 | - | 2470 |
| 2 | റോഡ് കോൺക്രീറ്റ് കളത്തിവിള വാർഡ് 9/RC 347065/ 19/21-22 | സുനിൽ കുമാർ | 346668 | 0121EATPAYREQ12/12/ 2022- 16410 | 6933 | 3470 |
| 3 | റോഡ് കോൺക്രീറ്റ് പുല്ലശ്ശേരിൽ വാർഡ് 14/RC 344350/ 14/21-22 | സുനിൽ കുമാർ | 301614 | 0121EATPAYREQ12/12 /2022- 16436 | 6032 | 3020 |
| 4 | റോഡ് കോൺക്രീറ്റ് ശ്രുതിലയം ചെങ്കിലാത്ത് വാർഡ് 17/ RC 344350/ 14/21-22 | സുനിൽ കുമാർ | 302513 | 0121EATPAYREQ12/12 /2022- 16602 | 6050 | 3030 |
| 5 | റോഡ് കോൺക്രീറ്റ് പാവൂരേത്ത് വാർഡ് 20/ RC 344355/ 17/2122 | സുനിൽ കുമാർ | 262160 | 0121EATPAYREQ04/11 /2022- 1683 | 5243 | 2630 |
| 6 | റോഡ് | സുനിൽ | 317542 | 0121EATPAYREQ12/12 | 6350 | 3180 |

| | | | | | | |
|---|---|---|---|---|---|---|
| | കോൺക്രീറ്റ് ചിറ്റക്കാട്ട് കുറ്റിയിൽ കുമ്പഴ വാർഡ് 10/RC346058/ 13/21-22 | കുമാർ | | /2022- 16445 | | |
| 7 | റോഡ് കോൺക്രീറ്റ് ഇളം പ്ലാവിൽ റോഡ് ഫേസ് 1 വാർഡ് 5/RC345541/ 21/21-22 | വിനോദ് .വി | 331005 | 0121EATPAYREQ12/12 /2022- 16226 0121EATPAYREQ12122022- 16225 | 6620 | 3310 |
| 8 | റോഡ് കോൺക്രീറ്റ് ഇളം പ്ലാവിൽ റോഡ് ഫേസ് 2വാർഡ് 5/RC345543/ 20/21-22 | വിനോദ് .വി | 260302 | 0121EATPAYREQ12/12 /2022- 16221 0121EATPAYREQ12/12 /2022- 16223 | 5206 | 2610 |
| 9 | റോഡ് കോൺക്രീറ്റ് ഗുരുമന്ദിരം റോഡ് നമ്പർ 1922 ആശാൻ പറമ്പിൽ വാർഡ് 1 /RC 34433/ 18/21-22 | വിനോദ് .വി | 287047 | 0121EATPAYREQ12/10 /2022- 164 | 5740 | 2870 |
| 10 | റോഡ് കോൺക്രീറ്റ് ആരാധന മുക്ക് - അരുണാലയം വാർഡ് 15/RC344349/ 26/21-22 | വിനോദ് .വി | 195332 | 0121EATPAYREQ12/12 /2022- 16392 | - | 1960 |
| 11 | റോഡ് കോൺക്രീറ്റ് കളീക്കൽ വാർഡ് | വിനോദ് .വി | 202966 | 0121EATPAYREQ12/10 /2022- 1616 | - | 2030 |

| | | | | | | |
|---|---|---|---|---|---|---|
| | 15/RC344352/ 22/21-22 | | | | | |
| ആകെ | | | | | 48174 | 30580 |

കരാറുകാർ ജി.എസ്.ടി-ടി.ഡി.എസ്, ആദായ നികുതി എന്നിവ അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം നം. 6/22-23/07.12.23 നല്കിയതിന് ജി എസ് ടി, ആദായ നികുതി എന്നിവ ഈടാക്കുന്നതിന് എം.ഐ.എസ് – ൽ സംവിധാനം ഇല്ലാത്തതിനാൽ തുക ഗ്രാമ പഞ്ചായത്തിൽ അടയ്ക്കുന്നതിന് കരാറുകാർക്ക് കത്ത് മൂലം നിർദ്ദേശം നല്കിയതായി മറുപടി നല്കി. ഈടാക്കുന്ന നികുതി ബന്ധപ്പെട്ട ശീർഷകത്തിൽ അടയ്ക്കേണ്ടതും നിയമാനുസൃത നികുതികൾ ഈടാക്കി മാത്രം തുടർന്നുള്ള പ്രവൃത്തികളുടെ കരാർ തുകകൾ അനുവദിക്കേണ്ടതുമാണ്.

## 1-29 ആദായ നികുതി ഈടാക്കിയിട്ടില്ല

ഭരണിക്കാവ് പി എച്ച് സി യിൽ ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 28.11.2022 ലെ 5/1 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ഡോ.ഐശ്വര്യ.എ യെ മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസറായി നിയമിച്ചിരുന്നു. പ്രതിമാസം 63700/- രൂപയാണ് കരാർ പ്രകാരമുള്ള വേതനം. ഡോ.ഐശ്വര്യ.എ കൈപ്പറ്റിയ വേതനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| കാലയളവ് | ബിൽ നം./തീയതി | തുക |
|---|---|---|
| 01/2023 (16ദിവസം) | 357/13.02.2023 | 32877 |
| 02/2023 | 403/07.03.2023 | 63700 |
| 03/2023 | 553/28.03.2023 | 63700 |
| | ആകെ | 160277 |

1961 ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 196 J പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ 30,000/- രൂപയിൽ അധികം പ്രഫഷണൽ സേവനങ്ങൾക്കുള്ള ഫീസായി നല്കിയിട്ടുണ്ടെങ്കിൽ ആദായനികുതി ഇനത്തിൽ 10% തുക ടി.ഡി.എസ് ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പ്രകാരം അനുവദിച്ചതിൽ വേതനത്തിൽ നിന്നും നിയമാനുസൃതമുള്ള ആദായ നികുതിയായ 16030/- രൂപ ഈടാക്കിയിട്ടില്ല.
ആദായ നികുതി ഈടാക്കാതെ വേതനം അനുവദിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 2/22-23/07.12.23 ന് അറിവില്ലായ്മ മൂലമാണ് ടി കാലയളവിൽ വേതനത്തിൽ നിന്നും ആദായ നികുതി ഈടാക്കാതിരുന്നതെന്നും, വിഷയം ശ്രദ്ധയിൽപ്പെട്ടതിനു ശേഷം 2023-24 കാലയളവിൽ നികുതി ഈടാക്കുന്നുണ്ടെന്നും മറുപടി നല്കി. ടി വ്യക്തിയിൽ നിന്നും നികുതി ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-30 ലൈഫ് പദ്ധതി ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല

2020-21, 2021-22 കാലയളവുകളിൽ ലൈഫ് പദ്ധതി മുഖേന ഭവന നിർമ്മാണത്തിന് ആദ്യ ഗഡു കൈപ്പറ്റിയ ചുവടെ പേര് ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|
| ജഗദമ്മ ദാമോദരൻ, സജിൻ ഭവനം | 40000 | 13.12.2022 |
| സുശീല, ശ്രീലക്ഷ്മി ഭവനം | 40000 | 09.02.2023 |
| ചെല്ലമ്മ, നിലമേൽ പടീറ്റതിൽ | 40000 | 21.03.2022 |

മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കളെ കൊണ്ട് സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നടപടികൾ സ്വീകരിച്ച് വിവരം

ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

### 1-31 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ
തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തികൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനായി റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഡാറ്റാ കളക്ഷന് സഹായം നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ശ്രീ.ശ്രീദേവ്. ആർ. എന്നയാൾക്കാണ് പദ്ധതി പ്രകാരം 60000/- രൂപ അനുവദിച്ചത്. ടിയാനുമായി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല. സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 23.11.2021 ലെ PAN/3173/21-JI(DP) നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം R-track ഡാറ്റാ കലക്ഷൻ പ്രോസസ് പൂർത്തിയാക്കിയിട്ടില്ല. പദ്ധതി പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പിന്റെ ഹാർഡ് കോപ്പി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സെക്രട്ടറി മുമ്പാകെ ഹാജരാക്കണമായിരുന്നു. എന്നാൽ ഇവിടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയത് എന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(01/2022-23) നൽകിയ മറുപടിയിൽ കണക്ടിവിറ്റി മാപ്പ് പൂർത്തീകരിയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി ലക്ഷ്യം കൈവരിച്ച് കണക്ടിവിറ്റി മാപ്പ് പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുകയായ 60000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

### 1-32 പകൽവീട്-വർദ്ധിച്ച തോതിൽ വാഹനചെലവ് ഉണ്ടാകുന്നു

പ്രോജക്ടിന്റെ പേര് - പകൽവീട് പരിപാലനം

പ്രോജക്ട് നമ്പർ - 21/23

അടങ്കൽ - 1030333/-രൂപ

ചെലവ് - 348494/- രൂപ

നിർവ്വഹണം – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

മേൽ പദ്ധതിയിലുൾപ്പെടുത്തി പകൽ വീട്ടിലേയ്ക്ക് ആളുകളെ എത്തിക്കുകയെന്ന ഉദ്ദേശ്യത്തോടെ ദിവസം 1800/-രൂപ നിരക്കിൽ വാഹനം എടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി ചെലവിലെ ഗണ്യമായ ഒരു ഭാഗം ഇതിനുവേണ്ടി ചെലവഴിക്കപ്പെടുന്നുണ്ട്. ശരാശരി പതിനഞ്ചോളം പേരാണ് പകൽവീട് ഉപയോഗപ്പെടുത്തിവരുന്നത്. ഏതൊക്കെ വാർഡുകളിൽ നിന്നുള്ളവരാണ് ഇവിടെ എത്തിച്ചേരുന്നതെന്നു സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. മേൽ പറഞ്ഞിട്ടുള്ള വാഹനം പദ്ധതി നടത്തിപ്പിൽ ഏതു നിലയിലാണ് ഉപയോഗപ്പെടുത്തുന്നത് എന്നതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/13.12.2023) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിൽ നിന്നും അർഹരായ ആളുകൾ എത്തിച്ചേരുകയും കൂടുതൽ വിപുലമായ നിലയിലേയ്ക്ക് പ്രവർത്തനം വിപുലീകരിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഇപ്രകാരം വാഹനസംബന്ധിയായ ചെലവുകൾ പ്രയോജനപ്പെടുകയുള്ളൂ. തുടർ പദ്ധതി പ്രവർത്തനങ്ങളിൽ ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 സുരഭിമുക്ക് - മങ്ങാട്ടുത്തറ മുക്ക് റോഡ് പുനരുദ്ധാരണം - യഥാസമയം കരാർ ചമച്ചില്ല

വാർഡ് 6 ലെ സുരഭിമുക്ക് - മങ്ങാട്ടുത്തറ മുക്ക് റോഡ് പുന:രുദ്ധാരണം എന്ന പ്രവൃത്തിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | S0075/22 |
| അടങ്കൽ | 802500 |
| പി.എ.സി | 755378.34 |
| കരാറുകാരൻ | കെ.സുരേഷ്, ശൈലം, കല്ലുംമൂട് |
| കരാർ നം. | AGMT/23/AE/09.03.22 |
| എം ബുക്ക് നം. | 04/22-23/BGP |
| ആകെ മൂല്യം | 712359+gst(18%)=840584 |
| ചെലവ് തുക | 802500/-,<br>ബിൽ നം. 184/23.11.22<br>34990/-TSB-8308899/13.12.22 |
| ഫണ്ട് | റോഡ് മെയിന്റനൻസ് ഗ്രാന്റ് |

യഥാസമയം കരാർ ചമച്ചില്ല.

19.02.22 ലെ സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ ചമക്കേണ്ടത് 05/03/22 നാണ്. എന്നാൽ കരാർ ചമച്ചത് 09.03.22 ലാണ്. കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. ഇവിടെ യഥാസമയം കരാർ ചമച്ചിട്ടില്ല. യഥാസമയം കരാർ ചമച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 1% പിഴ ഈടാക്കിയാവണം കരാർ ചമയ്ക്കേണ്ടിയിരുന്നതെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. എഗ്രീഡ്. പി.എ.സി യുടെ (1%of 755378.34) പിഴയായ 7554 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/12.12.23), കരാറുകാരന്റെ സെക്യൂരിറ്റിയിൽ നിന്നും ഈടാക്കുന്നതാണെന്നാണ് മറുപടി. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുക.

## 2-2 നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ വെച്ചില്ല

കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം 2018-19 വർഷം മുതൽ മരാമത്ത് പ്രവൃത്തികൾക്കും സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും സ്റ്റാമ്പ് ആക്ട് ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ 2022-23 ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത് നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ മെറ്റീരിയൽ ലഭ്യമാക്കുന്നതിന് നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിലല്ല എഗ്രിമെന്റ് വച്ചിട്ടുള്ളത്. തന്മൂലം മുദ്രപ്പത്ര വിലയിനത്തിൽ സർക്കാരിന് നഷ്ടം ഉണ്ടായിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/വർക്ക് കോഡ്/എം ബുക്ക് നമ്പർ | കരാറുകാരന്റെ പേര് | കരാർ തുക | മുദ്രപ്പത്രത്തിന് ആവശ്യമായ മൂല്യം | കരാറിലേർപ്പെട്ടിട്ടുള്ള മുദ്രപ്പത്രത്തിന്റെ മൂല്യം | കുറവ് മൂല്യം |
|---|---|---|---|---|---|---|
| 1 | റോഡ് കോൺക്രീറ്റ് | സുനിൽകുമാർ | 246896 | 250 | 200 | 50 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കൈതവന പടീറ്റതിൽ വാർഡ് 9/RC 347068/ 11/21-22 | | | | | | |
| 2 | റോഡ് കോൺക്രീറ്റ് കളത്തിവിള വാർഡ് 9/RC 347065/ 19/21-22 | സുനിൽകുമാർ | 346668 | 350 | 200 | 150 | |
| 3 | റോഡ് കോൺക്രീറ്റ് പുല്ലശ്ശേരിൽ വാർഡ് 14/RC 344350/ 14/21-22 | സുനിൽ കുമാർ | 301614 | 310 | 200 | 110 | |
| 4 | റോഡ് കോൺക്രീറ്റ് ശ്രുതിലയം ചെങ്കിലാത്ത് വാർഡ് 17/ RC 344350/ 14/21-22 | സുനിൽ കുമാർ | 302513 | 310 | 200 | 110 | |
| 5 | റോഡ് കോൺക്രീറ്റ് പാവൂരേത്ത് വാർഡ് 20/ RC 344355/ 17/2122 | സുനിൽ കുമാർ | 262160 | 270 | 200 | 170 | |
| 6 | റോഡ് കോൺക്രീറ്റ് ചിറ്റക്കാട്ട് കുറ്റിയിൽ കുമ്പഴ വാർഡ് 10/RC346058/ 13/21-22 | സുനിൽ കുമാർ | 317542 | 320 | 200 | 120 | |
| 7 | റോഡ് കോൺക്രീറ്റ് | വിനോദ് .വി | 331005 | 340 | 200 | 140 | |

| | | | | | | |
|---|---|---|---|---|---|---|
| | ഇളം പ്ലാവിൽ റോഡ് ഫേസ് 1 വാർഡ് 5/RC345541/ 21/21-22 | | | | | |
| 8 | റോഡ് കോൺക്രീറ്റ് ഇളം പ്ലാവിൽ റോഡ് ഫേസ് 2വാർഡ് 5/RC345543/ 20/21-22 | വിനോദ്.വി | 260302 | 260 | 200 | 160 |
| 9 | റോഡ് കോൺക്രീറ്റ് ഗുരുമന്ദിരം റോഡ് നമ്പർ 1922 ആശാൻ പറമ്പിൽ വാർഡ് 1/RC 34433/ 18/21-22 | വിനോദ്.വി | 287047 | 290 | 200 | 90 |
| 10 | റോഡ് കോൺക്രീറ്റ് കളീക്കൽ വാർഡ് 15/RC344352/ 22/21-22 | വിനോദ്.വി | 202966 | 210 | 200 | 10 |
| | | | | | ആകെ | 1010 |

മുദ്രപത്രവിലയിനത്തിൽ കുറവ് വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കി നിശ്ചിത ഹെഡ്ഡിലേക്ക് ഒടുക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാർ പ്രവൃത്തിക്ക് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% ഫൈൻ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, നിയമാനുസൃതം കരാർ തുകയ്ക്ക് ആനുപാതികമായി എടുക്കേണ്ട ഇൻഷ്വറൻസ് എടുത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലായെന്ന് കണ്ടു. ഇൻഷ്വറൻസ് എടുക്കാത്ത പ്രവൃത്തികളിൽ കരാർ തുകയുടെ 0.2% തുക ബില്ലിൽ നിന്നും ഈടാക്കിയതായും കാണുന്നില്ല. പ്രൈസ് 3 സോഫ്റ്റ്‌വെയർ പ്രകാരം വെച്ചിട്ടുള്ള എഗ്രിമെന്റിലെ (LOA) വ്യവസ്ഥ 12 അനുസരിച്ച് കരാർ തുകയുടെ 0.5% (കുറഞ്ഞത് 2ലക്ഷം കൂടിയത് 5ലക്ഷം രൂപ) മൂല്യം വരുന്ന ഇൻഷ്വറൻസ് കരാറുകാരൻ എടുക്കേണ്ടതും ആയത് നിർവ്വഹണ ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരം ഇൻഷ്വറൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | പ്രോജക്റ്റ് നമ്പർ | കരാറുകാരന്റെ പേര് | പി.എ.സി | 0.2% നിരക്കിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | ഗുരുമന്ദിരം ജംക്ഷൻ-കോയിക്കൽ വടക്കേതിൽ റോഡ് പുനരുദ്ധാരണം | 153/23 | റ്റി.ജി.മാത്യു. | 648133 | 1296 |
| 2 | ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് -കമ്മ്യൂണിറ്റി ഹാൾ ടോയ് ലെറ്റ് നിർമ്മാണം | 173/23 | മോഹൻദാസ് തമ്പി | 463845 | 928 |
| 3 | പി.എച്ച്.സി.യ്ക്ക് സമീപം ഓട നിർമ്മാണം | 07/23 | ശ്രീരേഖ | 720531 | 1441 |
| 4 | ഗവ. ആയുർവേദ ആശുപത്രി അറ്റകുറ്റ പണി ചുറ്റുമതിൽ നിർമ്മാണം | 08/23 | ആർ.വി.മോഹനൻ | 462593 | 925 |
| 5 | പള്ളിക്കലേത്ത് മുക്ക് | 150/23 | എ.എം.ഹമീദ് | 644593 | 1289 |

| | | | | | |
|---|---|---|---|---|---|
| | -മൂന്നുകണ്ടതിൽ മുക്ക് പുനരുദ്ധാരണം | | | | |
| 6 | സി.എം.എസ്. സ്കൂൾ മുതൽ കപ്പിയാരു കുളം വരെ കവറിംഗ് സ്ലാബ് നിർമ്മാണം | 11/23 | ശ്രീലേഖ | 858574 | 1717 |
| 7 | പുതുക്കാട്ട് മുക്ക് -മുണ്ടക്കലെത്ത് കോളനി റോഡ് പുനരുദ്ധാരണം | 155/23 | എ.എം.ഹമീദ് | 685906 | 1371 |
| 8 | കാത്തൂർക്കോട്ജംക്ഷൻ-ചെറുവള്ളി ക്ഷേത്രം ജംക്ഷൻ റോഡ് പുനരുദ്ധാരണം | 154/23 | എ.എം.ഹമീദ് | 686762 | 1373 |
| 9 | കളരിക്കത്തറ-വയലിത്തരമുക്ക് റോഡ് മെയിന്റനൻസ് | 181/23 | റ്റി.ജി. മാത്യു | 751479 | 1502 |
| 10 | നാട്ടയ്ക്കാട്ട് തൈക്കാവ്-നാമ്പുകുളങ്ങര റോഡ് പുനരുദ്ധാരണം | 151/23 | കെ.ശശി | 703144 | 1406 |
| 11 | ഗവ.എൽ.പി.എസ്.പള്ളിക്കൽ നടുവിലേമുറി സ്കൂൾ മെയിന്റനൻസ്. | 165/23 | ആർ. വി മോഹനൻ | 386855 | 774 |
| 12 | മഠത്തിൽ മുക്ക് റോഡ് മെയിന്റനൻസ് | 158/22 | കെ.ശശി | 710662 | 1421 |
| 13 | വാഴപ്പള്ളി മുക്ക് കരിമുട്ടം റോഡ് മെയിന്റനൻസ് | 152/23 | എം.എം.ഹമീദ് | 708060 | 1416 |
| 14 | കൊട്ടോളി ജംക്ഷൻ- കളരി വിള റോഡ് മെയിന്റനൻസ് | 160/23 | എം.എം.ഹമീദ് | 822886 | 1645 |
| | ആകെ | | | | 18504 |

ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (09/08.12.23) മറുപടി ലഭ്യമാക്കിയില്ല. കരാർ പ്രവൃത്തിക്ക് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്ന കരാറുകാരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഈടാക്കാതിരുന്നതുമൂലമുണ്ടായ നഷ്ടം 18504/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

3-2 എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര - ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യാതെ മുഴുവൻ തുകയും നൽകി

പ്രോജക്ട് നം. - S0062/22-23 (സ്പിൽ ഓവർ)
നിർവ്വഹണ ഉദ്യോഗസ്ഥ – എച്ച്.എം

അടങ്കൽ - 495000

ചെലവ് - 494464
193150/-ബിൽ ക്രമ.നം.2/29.09.22
193150/-ബിൽ ക്രമ.നം.4/09.12.22
108164/-ബിൽ ക്രമ.നം.5/16.01.23

എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങൽ എന്ന പദ്ധതി പ്രകാരം 128 പേർക്ക് മേശ, കസേര എന്നിവ വാങ്ങി നൽകിയ ഇനത്തിൽ വികസന ഫണ്ടിൽ നിന്നു 494464 രൂപ (@3863) ചെലവഴിച്ചിരുന്നു. കോഴഞ്ചേരി തമ്പുരാൻ കാലായിൽ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയിരുന്നത്. 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള (നികുതി കിഴിച്ച്) വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇവിടെ സ്ഥാപനത്തിന് തുക നൽകിയപ്പോൾ 2% നിരക്കിൽ ജി.എസ്.ടി ബില്ലിൽ കുറവ് ചെയ്തില്ല. നികുതി 18% ഒഴിവാക്കിയുള്ള തുകയായ (മേശ@2204.54+കസേര@1071.19 = 3275.73x128)419293.44 രൂപയുടെ 2%, 8386 രൂപ ടി സ്ഥാപനത്തിൽ നിന്നും ജി.എസ്.ടി-റ്റി.ഡി.എസ് ആയി ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

കരാർ തുകയ്ക്ക് ആനുപാതികമായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചില്ല

01-04-2018 മുതൽ പ്രാബല്യത്തിൽ വന്ന 2018 ലെ കേരള ഫിനാൻസ് ആക്ട് സെക്ഷൻ 4, ഉപ വകുപ്പ് (4) പ്രകാരം 1959 ലെ കേരള സ്റ്റാമ്പ് ആക്ടിൽ വരുത്തിയിട്ടുള്ള ഭേദഗതി ഉത്തരവിലെ (അമൻഡ്മെന്റ് ആക്ട് 17 ഓഫ് 1959) ഷെഡ്യൂൾ 5 ഉപവകുപ്പ്(എഫ്) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്കും, സേവനതലത്തിലുള്ള കരാറുകൾക്കും, ഓരോ 1000/- രൂപയ്ക്കും 1 രൂപ ക്രമത്തിലും, അതിൽ കുറവുള്ള തുകയ്ക്ക് ആനുപാതികമായും, കുറഞ്ഞത് 200 രൂപയുടേയും, കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർവെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട വാങ്ങലിൽ ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. 200 രൂപയുടെ മുദ്രപത്രം മാത്രമാണ് ഫയലിലുള്ളത്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/22-23/11.12.23), ജി.എസ്.ടി-റ്റി.ഡി.എസ് കരാറുകാരനിൽ നിന്നും ഈടാക്കി അടച്ചുകൊള്ളാമെന്നും ഇനി മുതൽ ചെയ്യുന്ന പ്രവൃത്തികളിൽ കരാർ തുകയ്ക്ക് ആനുപാതികമായ മുദ്രപത്രത്തിൽ കരാർ ചമയ്ക്കുന്നതാണെന്നും മറുപടി നൽകി.
8386 രൂപ ടി സ്ഥാപനത്തിൽ നിന്നും ജി.എസ്.ടി-റ്റി.ഡി.എസ് ആയി ഈടാക്കി ഒടുക്കുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 170500 | ബി ആർ സി പരിപാലനം | 170500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | അംഗൻവാടി പോഷകാഹാരം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | സാന്ത്വന പരിചരണം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3650000 | ലൈഫ് പദ്ധതി എസ് സി പി | 3650000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 387800 | ഭിന്നശേഷിക്കാർക് സ്കോളർഷിപ്പ് | 387800 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 300000 | പാലിന് സബ്സിഡി ജനറൽ | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | അഗതി രഹിത കേരളം-ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യകിറ്റ് വിതരണം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 350000 | കതിരണിയും പാടം | 350000 | 0 |
| | ആകെ | 5358300 | | 5358300 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 150000 | പാലിന് സബ്സിഡി ജനറൽ | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1200000 | ലൈഫ് പദ്ധതി ജനറൽ | 1200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | അഗതി രഹിത കേരളം-ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യകിറ്റ് വിതരണം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 253460 | കതിരണിയും പാടം | 253460 | 0 |
| | ആകെ | 1903460 | | 1903460 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ്മെയിൻ ലൈൻ ദീർഘിപ്പിക്കലും അനുബന്ധപ്രവർത്തനവും | XVFC/22-23/P/ 49/30.12.2022 22200907/30.12.22 | 3202768 | 3202768 | 0 |
| GWD | പൊതുകുടിവെള്ള പദ്ധതികളിൽ മോട്ടോർ പമ്പ് സെറ്റ് സ്ഥാപി ക്കലും അറ്റകുറ്റപ്പണിയും | XVFC/22-23 /P/63/15.3.2023 | 160000 | 160000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഈ ഇനത്തിൽ തൻവർഷം ചെലവില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | - | 1480000 | 8828800 | 3638196 | - | 6670604 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2020-21 | 1-18 | 6250 | വേണുഗോപാലൻ നമ്പൂതിരി, നാഗരാജ ഓഡിറ്റോറിയം | 1220106411/ 25.11.2022 |
| 2021-22 | 1-17 | 3750 | പള്ളിക്കൽ KUCS | 1220106428/ |

| | | | | |
|---|---|---|---|---|
| | | | A60 | 26.11.2022 |
| 2020-21 | 1-18 | 6250 | ബോബി.എം, നിർമ്മാല്യം | 1220106434/ 28.11.2022 |
| 2021-22 | 1-17 | 2500 | സൗത്ത് മങ്കുഴി KUCS | 1220106450/ 28.11.2022 |
| 2021-22 | 1-17 | 5000 | മാനേജർ, മുത്തൂറ്റ് മൈക്രോഫിൻ | 1220106521/ 02.12.2022 |
| | ആകെ | 23750/- | | |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 95085568 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65315288 |
| വരവിനങ്ങളിലുള്ള നഷ്ടം | 7554 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18504 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2908927 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 2-1 | 7554 | | ജോൺസി ജോർജ്, അസിസ്റ്റന്റ് എൻജിനീയർ |
| 1-22/3-1 | | 18504 | നന്ദു.ജി.എച്ച്, അസിസ്റ്റന്റ് എൻജിനീയർ |
| | 7554 | 18504 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-18 | 2038410 | മേരിസൺ മൈക്കിൾ, സെക്രട്ടറി |
| 1-24 | 810517 | നന്ദു.ജി.എച്ച്, |

| | | |
|---|---|---|
| | | അസിസ്റ്റന്റ് എൻജിനീയർ |
| 1-31 | 60000 | നന്ദു.ജി.എച്ച്,<br>അസിസ്റ്റന്റ് എൻജിനീയർ |
| | 2908927 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം. | തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| 1-27 | 1540 | ആദായ നികുതി | മേരിസൺ മൈക്കിൾ,<br>സെക്രട്ടറി,<br>അനുപമ.എസ്,<br>അക്രഡിറ്റഡ് എഞ്ചിനീയർ |
| 1-28 | 48174 | ജി.എസ്.റ്റി-റ്റി.ഡി.എസ് | മേരിസൺ മൈക്കിൾ,<br>സെക്രട്ടറി<br>അനുപമ.എസ്,<br>അക്രഡിറ്റഡ് എഞ്ചിനീയർ |
| 1-28 | 30580 | ആദായ നികുതി | മേരിസൺ മൈക്കിൾ,<br>സെക്രട്ടറി<br>അനുപമ.എസ്,<br>അക്രഡിറ്റഡ് എഞ്ചിനീയർ |
| 1-29 | 16030 | ആദായ നികുതി | ഡോ. സ്മിത, മെഡിക്കൽ ഓഫീസർ,<br>എഫ്.എച്ച്.സി |
| 1-26/2-2 | 1010 | സംസ്ഥാന ഫണ്ട് | അനുപമ.എസ്,<br>അക്രഡിറ്റഡ് എഞ്ചിനീയർ |
| 1-19/3-2 | 8386 | ജി.എസ്.റ്റി-റ്റി.ഡി.എസ് | ലെജുമോൾ<br>(എച്ച് .എം ഗവ.യു.പി.എസ്.) |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോൺസി ജോർജ്, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, LID & EWവിഭാഗം, മുട്ടാർ ഗ്രാമപഞ്ചായത്ത് | കൊയ്പ്പള്ളിത്തറയിൽ, എരമത്തൂർ പി.ഒ മാന്നാർ |
| നന്ദു.ജി.എച്ച് അസിസ്റ്റന്റ് എൻജിനീയർ | തിരുവനന്തപുരം മേയറുടെ പി.എ(ഡെപ്യൂട്ടേഷൻ) | അമ്പാടി, KRA B25, കരുമം.പി.ഒ തിരുവനന്തപുരം |
| മേരിസൺ മൈക്കിൾ, സെക്രട്ടറി | സെക്രട്ടറി, നീണ്ടകര ഗ്രാമ പഞ്ചായത്ത് | റിയാ ഡെയിൽ, കോയിവിള.പി.ഒ |
| അനുപമ എസ്, അക്രഡിറ്റഡ് എൻജിനീയർ | ജോലി രാജി വച്ചു | ചിത്തിരമംഗലത്ത്, കട്ടച്ചിറ |
| ലെജ്ജുമോൾ, എച്ച് .എം ഗവ.യു.പി.എസ്. | എച്ച് .എം, ഗവ.യു.പി.എസ്. | ഹരിപ്രിയ കാപ്പിൽമേക്ക്, കൃഷ്ണപുരം.പി.ഒ |
| ഡോ സ്മിത, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി ഭരണിക്കാവ് | സിന്ധു ഭവനം, തെക്കേക്കര, മാവേലിക്കര |

4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ.5/1832/11/02.02.12 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.എ-എ.എൽ.പി/പി6/1584/2022/29.11.2022 |
| 2010-11 | എൽ.എഫ്.എ-എ.എൽ.പി/പി6/1584/2022/29.11.2022 |
| 2011-12 | എൽ.എഫ്.എ-എ.എൽ.പി/പി6/1584/2022/29.11.2022 |
| 2012-13 | എൽ.എഫ്.എ-എ.എൽ.പി/പി6/1584/2022/29.11.2022 |
| 2013-14 | എൽ.എഫ്.എ-എ.എൽ.പി/പി6/1584/2022/29.11.2022 |

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2014-15 | എൽ.എഫ്.എ-എ.എൽ.പി/പി6/1584/2022/29.11.2022 |
| 2015-16 | എൽ.എഫ്.എ-എ.എൽ.പി/പി6/1584/2022/29.11.2022 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി6/988/2017 തീയതി 22.07.17/03.08.17 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി6/63/2019 /15/01/2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി6-806/2020/04.01.2021 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി-6-215/2022/27.03.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി-6-702/2022/16.07.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/പി-6-178/2023/ 29.03.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 24-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Bharanikkavu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Bharanikkavu Grama Panchayat for the year 2022-2023

Date: 22/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Bharanikkavu Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1)Details of various deposits are not recorded in the register.

2)Details of advances made to various implementing agencies are not included in the advance register.

3)Details of Beneficiary Contribution Amount not available.

4)MGNREGSÂ Cash Book, MIS figures not matching with Annual Financial Statements.

5) CFC Grant (Untied - Bank) - ACR, Annual Financial Statements do not match.

6)The employees Profession tax amount is not accurate in Annual Financial statement.

7)Property Tax DCB figures of sanchaya and ILGMS are not matching.

8. Appropriation Control Register is not maintained.

9.All statements as per accounting rules are not included in the annual accounts.

10.Cash flow statement- does not reflect correct figure.

11) Valuation of panchayat assets not done.

12)Auction Year end abstract is not prepared.

13) Documents necessary to verify the correctness of various liability amounts are not available.

14)Capital Contribution - The accuracy of amount is not explained.

15) Demand entries not recorded in time.

16) Maintenance Fund (Road) Last installment not accounted.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്